2023
MAY
01
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ഇഗ്നൈറ്റ് വഴി 150 പേർക്ക് ഐടി രംഗത്ത് തൊഴിൽ

**തിരുവനന്തപുരം:** സംസ്ഥാനത്തെ 3 പ്രധാന ഐടി പാർക്കുകളായ തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നിവിടങ്ങളിലെ കമ്പനികളുമായി സഹകരിച്ചു നടപ്പാക്കിയ ഇഗ്നൈറ്റ് ഇന്റേൺഷിപ് പദ്ധതി വിജയം. കഴിഞ്ഞ ബാച്ചിലെ 175 പേരിൽ 150 പേർക്ക് വിവിധ ഐടി സ്ഥാപനങ്ങളിൽ ജോലി ലഭിച്ചു. 2022 ഓഗസ്റ്റിൽ ആരംഭിച്ച പരിശീലന പരിപാടിയിൽ 175 പേരാണ് പങ്കെടുത്തത്. വിവിധ കമ്പനികൾ ഉദ്യോഗാർഥികളെ ഏറ്റെടുക്കുന്നതിന്റെ അവസാന ഘട്ടത്തിലായതിനാൽ അവശേഷിക്കുന്നവർക്കും ജോലി ഉറപ്പാണ്.

ഇന്റേൺഷിപ്പിലൂടെ സ്കിൽ ഡവലപ്മെന്റ് കൈവരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പദ്ധതി പ്രഖ്യാപിച്ചത്. ടെക്നോപാർക്കിനാണ് പരിശീലന പരിപാടിയുടെ ചുമതല. 6 മാസം നീണ്ട കാലയളവിൽ പ്രതിമാസം 5,000 രൂപ വരെ സർക്കാർ വിഹിതമായും, കുറഞ്ഞത് ഇതേ തുക തന്നെ ഇന്റേൺഷിപ് നൽകുന്ന സ്ഥാപനവും ഉദ്യോഗാർഥിക്ക് സ്റ്റൈപൻഡ് ആയി നൽകി. ബിരുദം നേടിയവരും അവസാന സെമസ്റ്റർ പരീക്ഷാഫലം കാത്തിരുന്ന വിദ്യാർഥികളുമാണ് ഇന്റേൺഷിപ്പിന് അവസരം തേടിയത്. പദ്ധതിയുടെ അടുത്ത എഡിഷൻ വൈകാതെ ആരംഭിക്കും.

## ഇടനിലക്കാരെ കുറച്ച് ഉൽപന്നം വിദേശത്തേക്ക്

**ന്യൂഡൽഹി:** കേന്ദ്രസർക്കാർ പിന്തുണയുള്ള ഇ കൊമേഴ്സ് ശൃംഖലയായ ഒഎൻഡിസി രാജ്യാന്തര ഇടപാടുകൾ പരീക്ഷിക്കാനൊരുങ്ങുന്നു. ഒട്ടേറെ ഇടനിലക്കാരില്ലാതെ ഇന്ത്യയിലെ വ്യാപാരികൾക്ക് അവരുടെ ഉൽപന്നങ്ങൾ മറ്റ് രാജ്യങ്ങളിലേക്ക് അയയ്ക്കാനുള്ള ക്രോസ് ബോർഡർ ഇടപാടുകളാണ് ഒഎൻഡിസിയുടെ ലക്ഷ്യം.

ഇന്ത്യയുടെ യുപിഐ പണമിടപാട് സംവിധാനം സിംഗപ്പൂരുമായി ബന്ധിപ്പിച്ചതിനാൽ അവിടേക്കായിരിക്കും ഏതാനും ആഴ്ചകൾക്കുള്ളിൽ ആദ്യ പരീക്ഷണ ഇടപാട്.കശ്മീരിൽ നിന്നുള്ള വ്യാപാരികളുടെ കുങ്കുമം, വാൾനട്ട് എന്നിവയായിരിക്കും ആദ്യ ഘട്ടത്തിൽ പരീക്ഷിക്കുന്നത്. ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്യാൻ അനുമതി നൽകുന്ന ഇംപോർട്ടർ എക്സ്പോർട്ടർ കോഡ് ഉള്ള വ്യാപാരികൾക്കു മാത്രമേ ഇത് സാധ്യമാകൂ.

ഡോളർ ആശ്രയത്വം കുറച്ച് ഓരോ രാജ്യങ്ങൾക്കും അവരവരുടെ കറൻസിയിൽ വിനിമയം നടത്താൻ ഇതിലൂടെ കഴിയുമെന്നാണ് പ്രതീക്ഷ. വിദേശത്തു നിന്ന് സാധനങ്ങൾ ഓർഡർ ചെയ്യാൻ ഒഎൻഡിസിയിൽ പ്രത്യേക സേവനം ഏർപ്പെടുത്തും. യുപിഐ വഴി പണമടയ്ക്കാം. ഇന്ത്യയ്ക്കുള്ളിൽ ഏകദേശം 30,000 വ്യാപാരികളും അവരുടെ 37 ലക്ഷത്തോളം ഉൽപന്നങ്ങളും ഒഎൻഡിസിയുടെ ഭാഗമാണ്. മലയാളിയായ ടി.കോശിയാണ് ഒഎൻഡിസി എംഡി. ഗൂഗിൾ പേ, പേയ്ടിഎം, ഭീം, ഫോൺപേ എന്നിങ്ങനെ വ്യത്യാസമില്ലാതെ യുപിഐ വഴി പേയ്മെന്റ് നടത്താമെന്നതു പോലെ പ്ലാറ്റ്ഫോം കേന്ദ്രീകൃതമല്ലാതെ ഉൽപന്നങ്ങൾ വാങ്ങുന്നവരെയും വിൽക്കുന്നവരെയും ബന്ധിപ്പിക്കുകയാണ് ഒഎൻഡിസി.

## മെഡിസെപ്പിന് മൊബൈൽ ആപ്

# ഇതുവരെ നൽകിയത് 592 കോടിയുടെ ചികിത്സാസഹായം

**തിരുവനന്തപുരം:** സർക്കാർ ജീവനക്കാരും പെൻഷൻകാരും ആശ്രിതരും ഉൾപ്പെടെ 30 ലക്ഷത്തോളം ഗുണഭോക്താക്കൾക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ് മൊബൈൽ ആപ്ലിക്കേഷന്റെ ഉദ്ഘാടനം ഇന്ന്. വൈകിട്ട് 6ന് തിരുവനന്തപുരം ഐഎംജിയിലെ പദ്മം ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. പദ്ധതി വിപുലീകരണത്തിന്റെ ഭാഗമായി പദ്ധതിയുടെ വിശദാംശങ്ങൾ ഗുണഭോക്താക്കളുടെ വിരൽത്തുമ്പിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയുമാണ് മൊബൈൽ ആപ്ലിക്കേഷൻ കൊണ്ടുവരുന്നത്.




ഇതിനുമുൻപ് മെഡിസെപ് വെബ് പോർട്ടൽ ആരംഭിക്കുകയും ഹാൻഡ് ബുക്ക് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. അതിന്റെ തുടർച്ചയായിട്ടാണ് മൊബൈൽ ആപ്. ധനമന്ത്രി കെ.എൻ.ബാലഗോപാൽ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പദ്ധതിയുമായി സഹകരിച്ച സംസ്ഥാനത്തെ ആശുപത്രികളിൽ മികച്ച സേവന ദാതാക്കളായ സർക്കാർ/സ്വകാര്യ/ സഹകരണ/സ്വയംഭരണ മേഖലയിലെ ആശുപത്രികൾക്കും പദ്ധതി നടപ്പിലാക്കുന്ന ഓറിയന്റൽ ഇൻഷുറൻസ് കമ്പനിക്കും പദ്ധതിയുടെ ജില്ലാതല പരാതിപരിഹാര സംവിധാനത്തിന്റെ ഭാഗമായി മികച്ചസേവനം കാഴ്ചവച്ച ഉദ്യോഗസ്ഥർക്കുമുള്ള അഭിനന്ദനപത്രം വിതരണം ചെയ്യും.

ഗതാഗതമന്ത്രി ആന്റണി രാജു, വി.ഡി.സതീശൻ, എംപി ശശി തരൂർ, തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രൻ, ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുടെ സിഎംഡി എന്നിവരും പങ്കെടുക്കും. പദ്ധതി ആരംഭിച്ച് പത്തുമാസ കാലയളവിനുള്ളിൽ ഏകദേശം 592 കോടിയോളം രൂപയുടെ ചികിത്സാ പരിരക്ഷ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ കഴിഞ്ഞെന്നു സർക്കാർ അവകാശപ്പെട്ടു. ആകെ 2,20,860 ക്ലെയിമുകളിലായി 591,42,70,739 രൂപയുടെ പരിരക്ഷയാണ് അംഗീകരിച്ചത്. ഇതിൽ സർക്കാർ മേഖലയിലെ ക്ലെയിമുകൾ 18,153 എണ്ണവും അംഗീകരിച്ച തുക 39,52,04,198 രൂപയുമാണ്. സ്വകാര്യമേഖലയിൽ 202,707 ക്ലെയിമുകളിലായി 551,90,66,541 രൂപ അംഗീകരിച്ചു. ഗുരുതര രോഗങ്ങൾക്കുള്ള പാക്കേജ് വിഭാഗത്തിൽ 1853 ക്ലെയിമുകളിലായി 38,18,06,928 രൂപയാണ് അംഗീകരിച്ചത്.

## ജെറ്റ് എയർവേയ്സിന്റെ സിഇഒ രാജിവച്ചു

**ന്യൂഡൽഹി:** ജെറ്റ് എയർവേയ്സിന്റെ നിയുക്ത സിഇഒ സഞ്ജീവ് കപൂർ രാജിവച്ചു. കാരണമെന്തെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടില്ല. കടബാധ്യത മൂലം ജെറ്റ് എയർവേയ്സ് 2019 ഏപ്രിലിലാണു പ്രവർത്തനം അവസാനിപ്പിച്ചത്. യുകെ ആസ്ഥാനമായ കാൽറോക്ക് ക്യാപ്പിറ്റലും യുഎഇ വ്യവസായി മുരാരി ലാൽ ജലാനും ചേർന്ന കൺസോർഷ്യം കമ്പനിയെ ഏറ്റെടുക്കുന്നതിന്റെ ഭാഗമായാണ് സഞ്ജീവ് തലപ്പത്തെത്തിയത്. കഴിഞ്ഞ ഏപ്രിലിലാണ് കൺസോർഷ്യം സഞ്ജീവ് കപൂറിനെ സിഇഒ ആയി നിയമിച്ചത്.

കൈമാറ്റം പൂർത്തിയാകുന്നതിനു മുൻപ് സഞ്ജീവ് കപൂർ ജെറ്റ് എയർവേയ്സ് സിഇഒ എന്ന പേര് ഉപയോഗിക്കുന്നതിൽ ജെറ്റ് എയർവേയ്സ് മാനേജ്മെന്റ് കമ്മിറ്റി വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നു. കമ്പനിയുടെ കൈമാറ്റം പൂർത്തിയായാൽ മാത്രമേ സിഇഒ പദവി പ്രാബല്യത്തിൽ വരൂ എന്നായിരുന്നു വാദമെങ്കിലും കൺസോർഷ്യം ഇതിനെ എതിർത്തു.

## ഗോൾഡൻ ലീഫ് അവാർഡുകൾ സമ്മാനിച്ചു

**ഊട്ടി** : ഏറ്റവും മികച്ച തേയിലയ്ക്കു കുനൂർ ഉപാസിയും (യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസിയേഷൻ ഓഫ് സതേൺ ഇന്ത്യ) ടീ ബോർഡും ചേർന്നു നൽകുന്ന ഗോൾഡൻ ലീഫ് അവാർഡുകൾ സമ്മാനിച്ചു.

കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻ കമ്പനിക്ക് 7 അവാർഡും ഹാരിസൺ മലയാളം ലിമിറ്റഡിനും പ്യാരി അഗ്രോ ഇൻഡസ്ട്രീസ് ലിമിറ്റഡിനും 4 അവാർഡ് വീതവും ലഭിച്ചു. ധർമോണ ടീ ഇൻഡസ്ട്രിക്കും ഗ്രീൻ ടീ എസ്റ്റേറ്റിനും കോടനാട് ടീ എസ്റ്റേറ്റിനും 3 അവാർഡ് വീതം ലഭിച്ചു. ദുബായിൽ നടന്ന ചടങ്ങിലായിരുന്നു അവാർഡ് വിതരണം.



# തീരദേശത്തെ കർമപദ്ധതികൾ 3 വർഷത്തിനകം തീർക്കും: മന്ത്രി സജി ചെറിയാൻ




**ഇരവിപുരം:** തീരദേശവാസികളുടെ കണ്ണീരൊപ്പാനുള്ള കർമപദ്ധതികൾ 3 വർഷത്തിനകം പൂർത്തിയാക്കുമെന്ന് മന്ത്രി സജി ചെറിയാൻ. ഇരവിപുരത്ത് സംഘടിപ്പിച്ച തീര സദസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കടലിൽ വച്ച് മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപ സർക്കാർ ധനസഹായം നൽകും. സ്ഥലം കണ്ടെത്തിയാൽ കൊല്ലത്ത് ഫിഷറീസ് കോളജ് അനുവദിക്കും. 131 അപേക്ഷകളാണ് സദസ്സിൽ എത്തിയത്.

സൂനാമി ഫ്ലാറ്റുകളിൽ മാലിന്യ സംസ്കരണത്തിനും പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമായി 15 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. എം.നൗഷാദ് എംഎൽഎ അധ്യക്ഷത വഹിച്ചു. മേയർ പ്രസന്ന ഏണസ്റ്റ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ.ഗോപൻ, മത്സ്യബോർഡ് ചെയർമാൻ കൂട്ടായി ബഷീർ, സബ് കലക്ടർ മുകുന്ദ് ഠാക്കൂർ, മുഖത്തല ബ്ലോക് പ്രസിഡന്റ് ബി.യശോദ, മയ്യനാട് പഞ്ചായത്ത് പ്രസിഡന്റ് ജെ.ഷാഹിദ, കൗൺസിലർ ടി.പി.അഭിമന്യു, ഫിഷറീസ് ജോയിന്റ് ഡയറക്ടർ എച്ച്.സലീം എന്നിവർ പ്രസംഗിച്ചു.

ഇരവിപുരംമതീരപ്രദേശത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കാൻ മന്ത്രി എത്തിയത് തീരദേശ വാസികൾക്ക് ആശ്വാസവും പ്രശ്ന പരിഹാരത്തിനുള്ള വേദിയുമായി. തീര സദസ്സിന് മുന്നോടിയായി മന്ത്രി സജി ചെറിയാനാണ് ഇരവിപുരം സെന്റ് ജോൺസ് സ്കൂളിൽ ജനപ്രതിനിധികളുടെയും മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെയും തീരദേശ വാസികളുടെയും പരാതികൾ കേൾക്കുന്നതിനും പരിഹാരം കാണുന്നതിനുമായി എത്തിയത്. താന്നി കാരിത്താസ് കോളനി, ഫിഷർമെൻ കോളനി,മദർ തെരേസ കോളനി എന്നിവയുടെ ശോച്യാവസ്ഥയെക്കുറിച്ച് കൗൺസിലർ സുനിൽ ജോസ് മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തി. 3 കോളനികളിലുള്ള 231 വീടുകളും പുതിയ പദ്ധതിയിലൂടെ പുനർ നിർമിക്കുമെന്ന് മന്ത്രി ഉറപ്പു നൽകി.

സൂനാമി ഫ്ലാറ്റുകളിലെ മാലിന്യ പ്രശ്നത്തിന് 60% പരിഹാരം കാണാൻ സ്വീവേജ് പ്ലാന്റ് നിർമാണത്തിലൂടെ കഴിയുമെന്നും ഇതിനായി കൂടുതൽ തുക അനുവദിക്കണമെന്നും മയ്യനാട് പഞ്ചായത്തംഗം ആർ.എസ്.അബിൻ പറഞ്ഞു. ഇക്കാര്യങ്ങൾ അനുഭാവപൂർവം പരിഗണിക്കാമെന്ന് മന്ത്രി ഉറപ്പു നൽകി. തീരദേശ ഹൈവേക്ക് മത്സ്യത്തൊഴിലാളികളുടെ സ്ഥലവും വീടും നഷ്ടപ്പെടുന്ന സാഹചര്യത്തിൽ അവർക്ക് ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് നൽകിയ മാതൃകയിൽ കൂടുതൽ തുക നൽകണമെന്നും ഇടവക വികാരി ഫാ. ബെൻസൻ പറഞ്ഞു. സൂനാമി ഫ്ലാറ്റുകളുടെ ദുരവസ്ഥയും ഫ്ലാറ്റ് നിവാസികളുടെ ദുരിതങ്ങളും സംബന്ധിച്ചായിരുന്നു കൂടുതൽ പരാതികൾ ഉയർന്നത്.

## ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ ഉദ്ഘാടനം മെയ് നാലിന് മുഖ്യമന്ത്രി നിർവഹിക്കും

പി എം എം എസ് വൈ പദ്ധതി വിഭാവന ചെയ്തു പൂർത്തിയാക്കിയ അഞ്ച് ആഴക്കടൽ മത്സ്യ ബന്ധന യാനങ്ങളുടെ വിതരണോദ്ഘാടനം മെയ് നാലിന് വൈകിട്ട് മൂന്നിന് നീണ്ടകരയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കേന്ദ്ര ഫിഷറീസ്, മൃഗപരിപാലന വകുപ്പ് മന്ത്രി പർഷോത്തം രുപാല യാനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് കൈമാറും. സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ അധ്യക്ഷനാകും.

കാലാവസ്ഥാ വ്യതിയാനം അടക്കമുള്ള കാരണങ്ങളാൽ സമുദ്ര മത്സ്യ സമ്പത്തിലുണ്ടായ ശോഷണത്തിന്റെ പശ്ചാത്തലത്തിൽ പരമ്പരാഗത മത്സ്യബന്ധനത്തെ ആശ്രയിക്കുന്ന തൊഴിലാളികളെ സഹായിക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിനുമാണ് ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ നൽകുന്നത്. ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ നിർമാണം പൂർത്തിയാക്കിയത് കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ കീഴിൽ മാൽപെ യാർഡാണ്.

ഫിഷറീസ് മന്ത്രി സജി ചെറിയാൻ, മൃഗസംരക്ഷണമന്ത്രി ജെ ചിഞ്ചുറാണി, എൻ കെ പ്രേമചന്ദ്രൻ എം പി, സുജിത്ത് വിജയൻ പിള്ള എം എൽ എ, എം മുകേഷ് എം എൽ എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഗോപൻ, മേയർ പ്രസന്ന ഏണസ്റ്റ്, ചവറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സന്തോഷ് തുപ്പാശ്ശേരിൽ, നീണ്ടകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി ആർ രജിത്ത്, മത്സ്യഫെഡ് ചെയർമാൻ ടി മനോഹരൻ, പ്രിൻസിപ്പൽ സെക്രട്ടറി കെ എസ് ശ്രീനിവാസ്, ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.



# വേനൽ മഴ വീണ്ടും ശക്തം; പാടശേഖരങ്ങൾ വെള്ളത്തിൽ

**മാന്നാർ:** വേനൽ മഴ വീണ്ടും ശക്തമായി, പാടശേഖരങ്ങൾ വെള്ളത്തിൽ. മാന്നാർ, ചെന്നിത്തല പഞ്ചായത്തുകളിലെ പാടശേഖരങ്ങളിലാണ് കൊയ്ത്ത് നടക്കുന്നത്. അതിരാവിലെ തുടങ്ങുന്ന കൊയ്ത്തു നാലു മണിക്കു ശേഷം അവസാനിക്കും. കൊയ്ത്ത് യന്ത്രത്തിൽ നിന്നും പുറത്തെടുക്കുന്ന നെല്ല് ഉണക്കുന്നതിനു പോലും സമയം കിട്ടാതെ മൂടിയിടുന്ന തിരക്കിലാണ് ഇവിടുത്തെ കർഷകരും പാടശേഖര സമിതിക്കാരും.

പാട്ടത്തിനു കൃഷിയിറക്കിയവർ അതിഥിത്തൊഴിലാളികളുടെ സഹായത്തോടെയാണ് നെല്ലു നനയാതെ സൂക്ഷിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നത്. കൊയ്ത്തു പൂർത്തിയാക്കിയ പാടശേഖരങ്ങളിലെ കർഷകർ രാവിലെ എത്തി മൂടിയഴിച്ചു നെല്ലുണക്കി വീണ്ടും മൂടിയാണ് സൂക്ഷിക്കുന്നത്. നെല്ലു സംഭരണം കാര്യമായി നടക്കാത്തതും വിനയായിട്ടുണ്ട്.

രണ്ടു ദിവസം മുൻപ് കൊയ്ത്തു തുടങ്ങിയ ചെന്നിത്തല വെട്ടത്തേരി പാടശേഖരത്തിൽ നിന്നും നെല്ല് കരയ്ക്കെടുക്കാനായിട്ടില്ല, പാടത്തു തന്നെ കിടക്കുകയാണ്. കുറച്ച് നെല്ലു മഴ നനഞ്ഞിട്ടുണ്ട്. ഇത് ഇന്ന് ഉണക്കിയെടുക്കാനുള്ള ശ്രമത്തിലാണ് കർഷകരെന്ന് പാടശേഖര സമിതി സെക്രട്ടറി പി.ജെ. റോമിയോ പറഞ്ഞു. പതിവിലും വിവരീതമായി ഇക്കുറി നല്ല വിളവ് ലഭിച്ചെങ്കിലും വേനൽ മഴ ഇത്തരത്തിൽ തുടരുന്നത് കർഷകരിൽ ആശങ്കയുളവാക്കിയിട്ടുണ്ട്.

# ഖരമാലിന്യ പരിപാലനത്തിന് ഗുരുവായൂർ നഗരസഭയ്ക്ക് 11.7 കോടിയുടെ കർമ്മപദ്ധതി



***ഗുരുവായൂർ:*** സംസ്ഥാന സർക്കാരിന്റെ കേരള ഖരമാലിന്യ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ നഗരസഭക്ക് 11.7 കോടി രൂപയുടെ കർമ്മ പദ്ധതി തയ്യാറാകുന്നു. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനുള്ള കൂടിയാലോചനയോഗം നഗരസഭാ ലൈബ്രറി ഹാളിൽ നടന്നു. പദ്ധതി വിഹിതത്തിന്റെ 30 ശതമാനം തുക കേരള സർക്കാരും 35 ശതമാനം വീതം ഏഷ്യൻ ബാങ്കും വേൾഡ് ബാങ്കും നിർവഹിക്കും.

രൂപരേഖ തയ്യാറാക്കുന്നതിനുള്ള കൂടിയാലോചന യോഗം നഗരസഭ ചെയർമാൻ എം കൃഷ്ണദാസ് ഉദ്ഘാടനം ചെയ്തു. വൈസ് ചെയർപേഴ്സൺ അനിഷ്മ ഷനോജ് അധ്യക്ഷയായി.

സ്ഥിരംസമിതി അധ്യക്ഷരായ ഷൈലജ സുധൻ, ബിന്ദു അജിത്ത്കുമാർ, എ സായിനാഥൻ, കൗൺസിലർ കെ പി ഉദയൻ, മറ്റ് കൗൺസിലർമാർ, നഗരസഭാംഗങ്ങൾ, ആശവർക്കർമാർ, കെ എസ് ഡബ്ലിയു എം പി, ഡി പി എം യു, ടിഎസ്സി പിഎംസി ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ എ എസ് മനോജ് സ്വാഗതവും നഗരസഭാ സെക്രട്ടറി ബീന എസ് കുമാർ നന്ദിയും പറഞ്ഞു. കെ എസ് ഡബ്ലിയു എം പി സോഷ്യൽ കമ്മ്യൂണിക്കേഷൻ എക്സ്പേർട്ട് ശുഭിത മേനോൻ വിഷയാവതരണവും ടെക്നിക്കൽ സർവ്വീസ് കൺസൾട്ടൻ ഉദ്യോഗസ്ഥ ബീന ഗോവിന്ദൻ ഗ്യാപ്പ് പ്രസന്റേഷൻ നടത്തി. കെ എസ് ഡബ്ലിയു എം പി എൻവയോഴ്ൺമെന്റ് എഞ്ചിനീയർ ശ്രീകുമാർ, എംഇഇ അനൂപ് കൃഷ്ണ, എസ്ഡബ്ലിയു എംപി എഞ്ചിനീയർ ആതിര ജോസ്, പി എം സി ഉദ്യോഗസ്ഥരായ ഡോ. ജയ്നീഷ്, ഹസീന, തുടങ്ങിയ ഉദ്യോഗസ്ഥർ തുടർന്നുള്ള ഗ്രൂപ്പ് ചർച്ചയ്ക്ക് നേതൃത്വം നൽകി. നൂറിലധികം അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

സംസ്ഥാന സർക്കാരിന്റെ നൂറു ദിന പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 30 നഗര തദ്ദേശ സ്ഥാപനങ്ങളിൽ മെയ് 10ന് മുൻപായി ഖരമാലിന്യ മാനേജ്മെന്റ് പദ്ധതി നടപ്പാക്കും. സംസ്ഥാനത്തെ 93 നഗര തദ്ദേശ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്.

# മൂരികളെയും പോത്തുകളെയും വളർത്തുമ്പോൾ വേണം വന്ധ്യംകരണം

വളർത്തുകാളയുടെ കുത്തേറ്റ് ഉടമ മരിക്കാനിടയായ സംഭവം കേരളത്തിലെ ക്ഷീരകർഷക സമൂഹം ഇന്നലെ ഞെട്ടലോടെയാണ് കേട്ടത്. കുട്ടിക്കാലം മുതൽ ഓമനിച്ചു വളർത്തിയ മൂന്നു വയസുകാരൻ കാള പെട്ടെന്ന് ജീവനെടുക്കുന്ന വില്ലനായി മാറുമെന്ന് ആരും കരുതിയിരുന്നില്ല. കാള ഏതാനും ദിവസങ്ങളായി അക്രമസ്വഭാവം കാണിച്ചിരുന്നുവെന്ന് പറയപ്പെടുന്നുണ്ടെങ്കിലും കാളകളെ വളർത്തുമ്പോൾ പരമ്പരാഗത കർഷകർ സ്വീകരിച്ചിരുന്ന പരിപാലനരീതികൾ പുതു തലമുറ മറന്നുപോകുന്നുവെന്ന് പറയാതിരിക്കാൻ കഴിയില്ല.

നിലം ഉഴുതുമറിക്കുന്നതിനും വണ്ടി വലിക്കുന്നതിനും ചക്കാട്ടുന്നതിനുമൊക്കെയായി പണ്ട് ഉപയോഗിച്ചിരുന്നത് വരിയുടച്ച അഥവാ വന്ധ്യകരണം നടത്തിയ കാളകളെയായിരുന്നു. ആൺമൃഗമായതിനാലും വന്യസ്വഭാവം ഉള്ളതിനാലും ഇണചേരൽ ത്വര ഭീഷണിയായതിനാലുമാണ് അന്ന് വരിയുടച്ചതിനുശേഷം മാത്രം അവയെ വളർത്തിയിരുന്നത്. അതുകൊണ്ടുതന്നെ കാളകളുടെ ശ്രദ്ധ തന്നിൽ നിയോഗിക്കപ്പെട്ട ജോലിയിലേക്ക് മാത്രം കേന്ദ്രീകരിക്കപ്പെട്ടിരുന്നു. എന്നാൽ, ഇന്ന് അരുമയായും ഇറച്ചിയാവശ്യത്തിനായും അതുപോലെ ഫാമുകളിൽ പശുക്കളുടെ മദി കൃത്യമായി തിരിച്ചറിയുന്നതിനുമൊക്കെയായി കാളകളെ വളർത്താറുണ്ട്. അതുകൊണ്ടുതന്നെ എത്ര ഇണക്കമുള്ള കാളയാണെങ്കിലും അടുത്തിടപഴകുന്നത് ശ്രദ്ധയോടെതന്നെയാവണം.



എത്ര ഇണക്കമുള്ള കാളയാണെങ്കിലും എപ്പോൾ വേണമെങ്കിലും സ്വഭാവം മാറാമെന്ന് നാഷനൽ ഡെയറി ഡെവലപ്മെന്റ് ബോർഡിന്റെ അലമാദി സെമൻ സ്റ്റേഷനിലെ ബുൾ മാനേജ്മെന്റ് ഓഫീസറായ ഡോ. പ്രശാന്ത് വിശ്വനാഥ്. 250ലധികം കാളകളെ പരിപാലിക്കുകയും ബീജശേഖരണം നടത്തുകയും ചെയ്യുന്ന ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ സെമൻ സ്റ്റേഷനാണ് തമിഴ്നാട്ടിലെ അലമാദിയിലേത്. കാളകളെയും പോത്തുകളെയും വീട്ടിൽ വളർത്തുമ്പോൾ പ്രധാനമായും ചില കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ഡോ. പ്രശാന്ത് പറയുന്നു.

**1. കൂട്ടത്തിൽ വളർത്തുക**

കൂട്ടത്തോടെ വളരുന്ന കാളകൾക്ക് പൊതുവേ അക്രമണ സ്വഭാവം കുറവായിരിക്കും. ഒറ്റയ്ക്കു വളരുന്ന കാളയാണെങ്കിലും പോത്താണെങ്കിലും ഒറ്റയാൻ സ്വഭാവമായിരിക്കും ഉണ്ടാവുക. അതുപോലെ വലുപ്പമുള്ള പശുക്കളുടെയോ കാളകളുടെയോ ഒപ്പമാണെങ്കിൽ താൻ ചെറുതാണെന്ന തോന്നലുണ്ടാവുകയും ചെയ്യും. ഒറ്റയ്ക്കാകുമ്പോൾ തനിക്ക് എതിരാളിയില്ല എന്ന ബോധ്യം ഏതൊരു മൃഗത്തെയുംപോലെ ഇവർക്കുമുണ്ടാകും. അത് സ്വഭാവത്തിൽ മാറ്റം വരുത്തും.

**2. കളി കാര്യമാകരുത്**

ചെറുപ്രായത്തിൽ നെറ്റിയിൽ തലോടുക, ഇടിക്കാൻ വരുമ്പോൾ നെറ്റിയിൽ പിടിച്ച് പിന്നോട്ടുന്തുക തുടങ്ങിയ സ്നേഹചേഷ്ടകൾ ഉടമയും അരുമയും തമ്മിലുണ്ടാകാറുണ്ട്. തള്ളി വിടുമ്പോൾ ഇടിക്കാനുള്ള ത്വര അവരിലുണ്ടാകും. ചെറുപ്പത്തിൽ ഇതു കൗതുകവും രസവുമൊക്കെയാണെങ്കിലും വളരുമ്പോൾ അപകടം വരുത്തിവയ്ക്കും. അത്തരം രീതികൾ പരിശീലിപ്പിക്കാതിരിക്കുക. ആട്, മൂരി, പോത്ത് എന്നിവയെ പരിലാളിക്കുമ്പോൾ നെറ്റി ഒഴിവാക്കുക. പകരം, തോൾ, ആട, കഴുത്ത് തുടങ്ങിയ ഭാഗങ്ങളിൽ തലോടിക്കൊടുക്കുന്നതാണ് നല്ലത്.

**3. വന്ധ്യംകരണം പ്രധാനം**

പ്രജനനത്തിന്റെ ആവശ്യത്തിനല്ല ഉപയോഗിക്കുന്നതെങ്കിൽ അഥവാ മാംസത്തിനുവേണ്ടിയാണ് മൂരിക്കുട്ടന്മാരെ വളർത്തുന്നതെങ്കിൽ 5 മുതൽ 9 വരെ മാസം പ്രായത്തിൽ വെറ്ററിനറി ഡോക്ടറുടെ സഹായത്തോടെ വന്ധ്യംകരണം നടത്തുന്നതാണ് സുരക്ഷയ്ക്ക് അഭികാമ്യം. ഇത് പുരുഷഹോർമോൺ ഉൽപാദനം തടയുകയും ഇണചേരാനുള്ള ത്വര മൃഗത്തിന് നഷ്ടപ്പെടുത്തുകയും ചെയ്യും.

**4. വശങ്ങളിലൂടെ മാത്രം അടുത്തേക്ക് പോവുക**

കന്നുകാലികൾക്ക് മുൻകാഴ്ചയില്ലാത്തതിനാൽ അവയുടെ അടുത്തേക്ക് പോകുമ്പോൾ വശങ്ങളിലൂടെ മാത്രം പോകുക. മാത്രമല്ല തീറ്റാൻ കെട്ടിയിരിക്കുന്നിടത്തുനിന്ന് അഴിക്കാൻ ചെല്ലുമ്പോഴും മൃഗത്തിന് ആളെ തിരിച്ചറിയാവുന്ന വിധത്തിൽ മാത്രം പോകുക. കന്നുകാലികൾക്ക് എപ്പോഴും ഒരു ഇരയുടെ ഭീതിയുണ്ടാകും. അതുകൊണ്ടുതന്നെ അവയ്ക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിൽ പ്രതിരോധിക്കുന്നതിനുവേണ്ടി ആക്രമിക്കാം. അതുപോലെ കാളകൾ ഒരു വശത്തേക്ക് ചെരിഞ്ഞ് സൂക്ഷ്മമായി നിരീക്ഷിച്ചതിനുശേഷമായിരിക്കും ഇടിക്കാൻ ശ്രമിക്കുക. അതുകൊണ്ടുതന്നെ കുട്ടിക്കാലം മുതൽ അത്തരം പ്രവണത കണ്ടാൽ ശാസിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

### സുരക്ഷയ്ക്ക് എപ്പോഴും പ്രാധാന്യം

ദിവസവും 80ൽപ്പരം കാളകളുടെ ബീജശേഖരണം നടത്തുന്ന അലമാദി സെമൻ സ്റ്റേഷനിൽ സുരക്ഷാ മാർഗങ്ങൾ സ്വീകരിക്കാതെ ജീവനക്കാർ കാളകളുടെ അടുത്തേക്ക് പോകാറില്ല.

കളക്ഷൻ ഹെൽമറ്റ്, സേഫ്റ്റി ഏപ്രൺ, കാള ചവിട്ടിയാൽ പോലും കാലിന് ക്ഷതമേൽക്കാത്ത വിധത്തിലുള്ള പ്രത്യേക ബൂട്ടുകൾ എന്നിവയാണ് സുരക്ഷയ്ക്കായി ഉപയോഗിക്കുന്നത്.

അതുപോലെ ഓരോ കാളയെയും പാർപ്പിച്ചിരിക്കുന്ന പെന്നിൽ (ഓരോ കാളയ്ക്കുമുള്ള കൂട്) ഒരു മനുഷ്യന് അനായാസം പുറത്തുടക്കാവുന്ന വിധത്തിൽ പ്രത്യേക ഭാഗവും ഒരുക്കിയിട്ടുണ്ട്.

എന്തെങ്കിലും സാഹചര്യത്തിൽ കാള ആക്രമിക്കാൻ ശ്രമിച്ചാൽ രക്ഷപ്പെടാൻ ഈ കൂട് നിർമാണരീതി സഹായിക്കും.

# വീട്ടിലേക്കു വേണ്ട ഇഞ്ചി വീട്ടുമുറ്റത്തുണ്ടാക്കാം

നൂറു കറിക്കു തുല്യമെന്നു വിശേഷിപ്പിക്കുന്ന ഇഞ്ചിക്കറി ഇഷ്ടമില്ലാത്തവർ ആരുണ്ട്. കോവിഡ് കാലത്തും നമ്മൾ ഇഞ്ചിയുടെ ഗുണഗണങ്ങൾ വാഴ്ത്തിപ്പാടി. ഇഞ്ചിയിൽനിന്ന് എടുക്കുന്ന ഒലിയോറെസിൻ ഭക്ഷ്യ, ഔഷധ നിർമാണ വ്യവസായങ്ങളിൽ ഏറെ ഡിമാൻഡുള്ള ഉൽപന്നമാണ്.

കോവിഡ് കാലത്തും തുടർന്നും ഇഞ്ചി ചതച്ചിട്ട വെള്ളം തിളപ്പിച്ചു കുടിക്കുന്നതും നമ്മളിൽ പലരും ശീലമാക്കി. അതേസമയം ഇഞ്ചിയുടെ വാണിജ്യക്കൃഷിയിൽ ചീയൽ രോഗത്തെ അതിജീവിക്കാൻ രാസ കുമിൾനാശിനികൾ പ്രയോഗിക്കുന്നുണ്ടെന്നത് അപ്രിയ സത്യം. നമ്മുടെ വീട്ടിലേക്കു വേണ്ട ഇഞ്ചി ഉൽപാദിപ്പിക്കുക എന്നതുതന്നെ പരിഹാരമാർഗം.



മണ്ണ് നന്നായി കിളച്ചൊരുക്കി കളകൾ നീക്കം ചെയ്തു മാത്രമേ ഇഞ്ചി നടാവൂ. നല്ല സൂര്യപ്രകാശം ലഭിക്കുന്നിടങ്ങളിലും ഭാഗികമായി മാത്രം തണലുള്ളിടങ്ങളിലും ഇഞ്ചി നന്നായി വളരും. മണ്ണിലെ അമ്ലത കുറയ്ക്കുന്നതിനു സെന്റ് ഒന്നിന് 4 കിലോ കുമ്മായം ചേർത്ത് മണ്ണിളക്കണം. പുളിരസം കളയാതെ കൃഷി ചെയ്താൽ ചീയൽരോഗത്തിനു സാധ്യതയേറും. ഗ്രോബാഗിലാണ് നടുന്നതെങ്കിൽ 75 ഗ്രാം വരെ പൊടിഞ്ഞ കുമ്മായം ചേർക്കണം. കുമ്മായമിട്ട മണ്ണ് നനച്ചതിനു ശേഷം നന്നായി ഇളക്കിച്ചേർക്കുക. രണ്ടാഴ്ച്ചയ്ക്കു ശേഷം പൊടിഞ്ഞ ജൈവവളം നന്നായി ചേർത്ത് ഇഞ്ചി നടുക. അടിവളമായി പൊടിഞ്ഞ കാലിവളവും മണ്ണിരക്കംപോസ്റ്റും സെന്റ് ഒന്നിന് 100 കിലോവരെ ചേർക്കാം. ഗ്രോബാഗിൽ ട്രൈക്കോഡെർമ സമ്പുഷ്ട ജൈവവളം 3 കിലോവരെ ചേർക്കുന്നതാണ് നന്ന്.

പച്ച ഇഞ്ചിക്ക് ഏറ്റവും നല്ല ഇനമാണ് ചന്ദ്രയും അശ്വതിയും. നന്നായി മൂപ്പെത്തിയ ഇഞ്ചി നടീൽ വസ്തുവായി ഉപയോഗിക്കാം. ഒന്നോ രണ്ടോ മുകുളങ്ങളോടു കൂടിയ, 15 ഗ്രാം തൂക്കം വരുന്ന ഇഞ്ചിക്കഷണങ്ങൾ, സ്യൂഡോമോണാസ് ലായനിയിൽ 30 മിനിട്ട് മുക്കിവച്ചതിനു ശേഷം മാത്രം നടുക. ഇതിനായി 50 ഗ്രാം സ്യൂഡോമോണാസ് ഒരു ലീറ്റർ വെള്ളത്തിൽ കലക്കിയെടുക്കണം.

## അടുക്കളയിലുണ്ട് അടുക്കളത്തോട്ടത്തിനു വളം

അടുക്കള അവശിഷ്ടങ്ങൾ വലിച്ചെറിയുന്നതിനു മുൻപ് ചിന്തിക്കുക. ഒന്നാന്തരം കംപോസ്റ്റിനുള്ള വകയാണ് പാഴാക്കാനൊരുങ്ങുന്നത്. കംപോസ്റ്റിങ് അറിയാവുന്നവർക്ക് ജൈവവളം വാങ്ങേണ്ടതില്ലെന്നു സാരം.

ജൈവവസ്തുക്കൾ സംസ്കരിച്ചു വളമാക്കുന്നതാണ് കംപോസ്റ്റിങ്. ഇതിന്റെ ഗുണമേന്മ ഉണ്ടാക്കാനുപയോഗിക്കുന്ന വസ്തുക്കളെ ആശ്രയിച്ചിരിക്കും. ഭക്ഷ്യാവശിഷ്ടങ്ങൾ, പച്ചക്കറി, ഇറച്ചി, മത്സ്യാവശിഷ്ടങ്ങൾ, ചപ്പുചവറുകൾ, കരിയില തുടങ്ങി ഉണങ്ങിയ ഓലവരെ കംപോസ്റ്റാക്കാം. ജൈവവസ്തുക്കൾ കൂട്ടിയിട്ടു കംപോസ്റ്റ് തയാറാക്കുമ്പോൾ കടുത്ത വെയിലിൽനിന്നും മഴയിൽനിന്നും സംരക്ഷണം ഉറപ്പു വരുത്തണം. അന്തരീക്ഷത്തിലെ ചൂടും ജൈവവസ്തുക്കളുടെ സ്വഭാവവും ഈർപ്പത്തിന്റെ നിലവാരവും കംപോസ്റ്റിനെ സ്വാധീനിക്കും. കംപോസ്റ്റ് തയാറാക്കുമ്പോൾ ഈർപ്പവും വായുസഞ്ചാരവും ഉറപ്പുവരുത്തണം. ജൈവാവശിഷ്ടങ്ങൾക്കു മീതെ പച്ചിലവളങ്ങളും കളകളും നിരത്തി ചാണകസ്ലറി ഒഴിക്കണം. ഇതിനു മീതെ വീണ്ടും ജൈവാവശിഷ്ടങ്ങൾ ചേർക്കാം. ഇതാണ് ഏറ്റവും ലളിതമായ കംപോസ്റ്റ്.

കംപോസ്റ്റ് കുഴിയെടുത്തും തയാറാക്കാം. പറമ്പിലെ ഏറ്റവും തണലുള്ള സ്ഥലമാണ് ഇതിന് ഏറ്റവും അനുയോജ്യം. നീളവും വീതിയും ആവശ്യാനുസരണവും ആഴം ഒരു മീറ്ററിൽ കൂടാതെയുമുള്ള കുഴിയാണ് നല്ലത്. കുഴിയുടെ അരികുകൾ അടിച്ചുറപ്പിക്കണം. ഉണങ്ങിയ ഓലകളുടെ മടൽ അടിയിൽ നിരത്തുക. ഇതിനു മേൽ ഓലകളും വാഴത്തടയും അടുക്കളാവശിഷ്ടങ്ങളും ശീമക്കൊന്നയോ പറമ്പിൽനിന്നു പറിച്ചെ ടുത്ത കളകളോ ചേർക്കാം. മുകളിലായി മേൽമണ്ണ് തൂകിക്കൊടുക്കണം. കുഴി നിറയുന്നതുവരെ ഇതേ രീതി ആവർത്തിക്കാം.

ദിവസവും ചെറിയ തോതിൽ നനയ്ക്കണം. കുഴിയിൽ മഴവെള്ളവും വെയിലും നേരിട്ട് പതിക്കാതിരിക്കാൻ പാഷൻഫ്രൂട്ട് പന്തലോ കോവൽ പന്തലോ ഒരുക്കാം. കുഴി നിറഞ്ഞാൽ മേൽ മണ്ണിട്ട് മൂടണം. പല തരം ജൈവാവശിഷ്ടങ്ങൾ ഉപയോഗിച്ചാൽ ഗുണം കൂടും.

# സംഭരിച്ച നെല്ലിന്റെ പണം നൽകാതെ സപ്ലൈകോ: കർഷകർ കടത്തിൽ

**കുമരകം:** നെല്ല് സംഭരിച്ച് ഒരു മാസം കഴിഞ്ഞിട്ടും സപ്ലൈകോ പണം നൽകാത്തതിനാൽ കർഷകർ വൻ ദുരിതത്തിൽ. ബാങ്കുകളിൽ നിന്ന് എടുത്ത കൃഷി വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വിഷമിക്കുകയാണ് മിക്കവരും. കൃഷിക്കു വേണ്ടി 6 മാസത്തെ കാലാവധിക്കു വായ്പ വാങ്ങിയ കർഷകർക്കു ഇതിനോടകം പണം തിരിച്ചടയ്ക്കാൻ കഴിയാത്തതിനാൽ ഇരട്ടി പലിശ നൽകേണ്ടി വരുന്നു. ബാങ്കുകളിൽ നിന്ന് 4% പലിശയ്ക്കാണു പല കർഷകരും പണം വായ്പ എടുത്തിരിക്കുന്നത്.




ബാങ്ക് വായ്പ കൂടാതെ, കൊയ്ത്ത് കൂലിയും നെല്ലിന്റെ ചുമട്ടു കൂലിയും നൽകാൻ സ്വകാര്യ വ്യക്തികളിൽ നിന്നു കൂടിയ പലിശയ്ക്കു പണം വാങ്ങേണ്ടി വന്നതായും കർഷകർ പറയുന്നു. മുൻപ് നെല്ലിന്റെ കൈപ്പറ്റ് രസീത് (പിആർഎസ്) ബാങ്കുകളിൽ നൽകി പണം ലഭിച്ചിരുന്നപ്പോൾ ഒരാഴ്ച കൊണ്ടു കിട്ടിയിരുന്നു.സപ്ലൈകോ നേരിട്ട് കർഷകരുടെ അക്കൗണ്ടിലേക്ക് പണം നൽകുന്ന പദ്ധതി വന്നതോടെയാണു കാലതാമസം നേരിട്ടത്.

നെല്ല് നൽകിയതിന്റെ സ്റ്റേറ്റ്മെന്റ് പാടശേഖര സമിതി തയാറാക്കി സപ്ലൈകോയിൽ നൽകുന്നതനുസരിച്ചു കൊച്ചിയിലെ സപ്ലൈകോ ഓഫിസിൽ നിന്നാണു കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്കു പണം ഇടുന്നത്. സപ്ലൈകോ ഓഫിസിൽ അന്വേഷിക്കുമ്പോൾ സർക്കാരിൽ നിന്നു ഫണ്ട് എത്തിയില്ലെന്ന മറുപടിയാണു ലഭിക്കുന്നതെന്നു കർഷകർ പറഞ്ഞു. കർഷകർക്കു പണം നൽകുന്നതു സംബന്ധിച്ചു ചർച്ച നടത്തി വരുകയാണെന്നാണ് അധികൃതരുടെ വിശദീകരണം.

കർഷകർക്ക് കിട്ടാനുള്ളത്: 84.52 കോടി രൂപ കർഷകർക്ക് ആകെ നൽകാനുള്ളത്: 116.3 കോടി രൂപ കഴിഞ്ഞ മാർച്ച് വരെ നൽകിയത് : 31.78 കോടി രൂപ നെല്ല് നൽകുന്നതിനു റജിസ്റ്റർ ചെയ്തത്: 10,460 കർഷകർ പുഞ്ച കൃഷിയിറക്കിയത്: 12,436 ഹെക്ടർ സംഭരിച്ച നെല്ല്: 42,000 ടൺ



അനീറ്റ പോൾ, കൃപ കെ, നീത ജോസഫ്

## ബിആർക്ക് ആദ്യ റാങ്കുകൾ ആസാദിയിൽ

**കൊച്ചി :** എം.ജി യൂണിവേഴ്സിറ്റിയുടെ ഈ വർഷത്തെ ബാച്ചിലർ ഓഫ് ആർക്കിടെക്ച്ചർ ( ബി ആർക്ക്) ഡിഗ്രിയുടെ യഥാക്രമം ഒന്ന്, രണ്ട്, അഞ്ച് റാങ്കുകൾ വൈറ്റില സിൽവർ സാന്റ് ഐലന്റിൽ പ്രവർത്തിക്കുന്ന പ്രമുഖ ആർക്കിടെക്ച്ചർ കോളേജായ ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്ച്ചർ ആന്റ് ഡിസൈൻ ഇന്നോവേഷൻസിലെ (ആസാദി) വിദ്യാർത്ഥിനികൾ കരസ്ഥമാക്കി.

എരമല്ലൂർ കന്നിവീട്ടിൽ പോൾ ആന്റണിയുടെയും ഷൈനിയുടെയും മകൾ അനീറ്റ പോൾ ഒന്നാം റാങ്കും, തിരുവാങ്കുളം ശിവശ്രീ വീട്ടിൽ കൃഷ്ണകുമാറിന്റെയും രാജശ്രീയുടെയും മകൾ കൃപ കെ രണ്ടാം റാങ്കും, തിരുവനന്തപുരം കളപ്പുരയ്ക്കൽ വീട്ടിൽ ജോസഫ് ബാബുവിന്റെയും മറീന ജോസഫിന്റെയും മകൾ നീത ജോസഫ് അഞ്ചാം റാങ്കും കരസ്ഥമാക്കി.

## അറിയിപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പിലെ എറണാകുളം ജില്ല സർക്കാർ ഹൈസ്കൂൾ അധ്യാപകർ, പ്രൈമറി വിഭാഗം പ്രധാന അധ്യാപകർ/ പ്രൈമറി വിഭാഗം അധ്യാപകർ എന്നിവരുടെ അപേക്ഷകൾ ഓൺലൈൻ മുഖാന്തരം മെയ് രണ്ടുവരെ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് www.tandp.kite.kerala.gov.in സന്ദർശിക്കുക.

# വടകര ജില്ലാ ആശുപത്രിയിൽ പുതിയ ബ്ലോക്കിന്റെ പ്രവൃത്തികൾ ഉടൻ ആരംഭിക്കും: മന്ത്രി വീണാ ജോർജ്ജ്

**വടകര:** ഗവ. ജില്ലാ ആശുപത്രിയിൽ പുതിയ ബ്ലോക്കിന്റെ പ്രവൃത്തികൾ ഉടൻ ആരംഭിക്കുമെന്ന് ആരോഗ്യ വനിതാ ശിശുക്ഷേമ വകുപ്പ് മന്ത്രി വീണാ ജോർജ്ജ്. നബാർഡ് ധന സഹായത്തോടെ വടകര ഗവ. ജില്ലാ ആശുപത്രിയിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.




ഭരണാനുമതി ലഭിച്ച കേരളത്തിലെ ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നേരത്തെയുണ്ടായിരുന്ന തടസ്സങ്ങൾ മാറി വേഗത കൈവരിച്ചതായും മന്ത്രി കൂട്ടിച്ചേർത്തു.

വടകര ജില്ലാ ആശുപത്രിയിൽ 86 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പുതിയ കെട്ടിടത്തിനാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്. ഇതിന്റെ ടെണ്ടർ നടപടികളിലേക്ക് ഉടൻ കടക്കും. ഈ പ്രദേശത്തിന്റെ ആതുരസേവന രംഗത്തെ ആവശ്യങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള പ്രധാന ഇടമായി വടകര ജില്ലാ ആശുപത്രി മാറുകയാണെന്നും പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ബ്ലോക്കിന്റെ പ്രവൃത്തി സമയബന്ധിതമായി തീർക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് 13.70 കോടി രൂപ ചെലവിൽ നാല് നിലകളിലായി ആധുനിക സജ്ജീകരണത്തോടെയാണ് വടകര ജില്ലാ ആശുപത്രിയുടെ പുതിയ കെട്ടിടം നിർമ്മിച്ചത്. ആരോഗ്യ കേരളത്തിന്റെ 38 ലക്ഷം രൂപ ഉപയോഗിച്ച് ആറ് കിടക്കകളുള്ള പീഡിയാട്രിക് ഐസിയുവും കേന്ദ്രീകൃത ഓക്സിജൻ സംവിധാനവും 15 കിടക്കകളോട് കൂടിയ കുട്ടികളുടെ വാർഡും പുതിയ കെട്ടിടത്തിൽ സജ്ജമാക്കിയിട്ടുണ്ട്.

ഗ്രൗണ്ട് ഫ്ലോറിൽ ഗൈനക്കോളജി ഒപി, പോസ്റ്റ് സർജിക്കൽ ഐസിയു, ഓപ്പറേഷൻ തിയേറ്റർ, നഴ്സ്മാരുടെ വിശ്രമ മുറി, എക്സറേ, സിടി സ്കാൻ, അൾട്രാ സൗണ്ട് സ്കാൻ, റേഡിയോളജി, മുൻഭാഗത്ത് ഫാർമസി, ഡോക്ടർമാരുടെ വിശ്രമമുറി എന്നീ സൗകര്യങ്ങളാണുള്ളത്. കുട്ടികളുടെ ഐസിയു, വാർഡുകൾ, കൗൺസിലിങ് റൂം, മെഡിസിൻ റൂം, ഐസോലേഷൻ വാർഡ്, സ്റ്റാഫ് റൂം, നഴ്സ് സ്റ്റേഷൻ, ലേബർ വാർഡുകൾ, ശൗചാലയങ്ങൾ, നവജാത ശിശു വാർഡുകൾ, പ്രിപ്പറേഷൻ റൂം, ലേബർ റൂം, ഗൈനക്കോളജി ഒപ്പേറഷൻ തിയ്യറ്റർ, അനസ്തേഷ്യ റൂം എന്നിവ ബാക്കി നിലകളിലായും സജ്ജീകരിച്ചു. ആശുപത്രിയുടെ മുൻവശത്ത് ഒരേ സമയം 15 ആളുകൾക്ക് കയറാനുള്ള ലിഫ്റ്റും പിറക് വശത്ത് സ്ട്രെച്ചർ സൗകര്യമുള്ള എമർജൻസി ലിഫ്റ്റും പ്രവർത്തന സജ്ജമാണ്. കേന്ദ്രീകൃത ശീതീകരണ സൗകര്യം, കുറ്റമറ്റ അഗ്നി രക്ഷാ സംവിധാനം എന്നിവയും പുതിയ കെട്ടിടത്തിൽ ഒരുക്കിയിട്ടുണ്ട്.

യുഎൽസിസി ചെയർമാൻ പാലേരി രമേശനുള്ള ഉപഹാരം വടകര നഗരസഭ ചെയർപേഴ്സൺ കെ.പി ബിന്ദു നൽകി. മുൻ എംഎൽഎ സി.കെ നാണു, തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായി.

## മണിയൂർ ഐടിഐ കെട്ടിടത്തിന് മന്ത്രി വി ശിവൻകുട്ടി തറക്കല്ലിട്ടു

സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി മണിയൂർ ഐ ടി ഐ യുടെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു. ശാസ്ത്രീയ അന്വേഷണങ്ങൾക്ക് ട്രെയിനികളെ പ്രാപ്തരാക്കിയും നൈപുണ്യ വികസനത്തിന് പ്രാധാന്യം നൽകിയും സർക്കാർ മുന്നോട്ട് പോകുകയാണെന്ന് മന്ത്രി പറഞ്ഞു. പുതിയ കെട്ടിടം യാഥാർത്ഥ്യമാകുന്നതോടെ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനും കൂടുതൽ പേർക്ക് പരിശീലനം നൽകുന്നതിനും സാധിക്കുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു. ചടങ്ങിൽ കെ.പി കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ എംഎൽഎ അധ്യക്ഷത വഹിച്ചു.

മണിയൂർ പഞ്ചായത്ത് അനുവദിച്ച ഒരേക്കർ പത്ത് സെന്റ് സ്ഥലത്ത് മൂന്ന് നിലകളിലായാണ് കെട്ടിടം നിർമ്മിക്കുക. ആദ്യഘട്ടമായി 2500 സ്ക്വയർ മീറ്റർ കെട്ടിടത്തിന്റെ നിർമ്മാണമാണ് ആരംഭിക്കുക. കെട്ടിട നിർമ്മാണത്തിനായി ആറ് കോടി 90 ലക്ഷത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനുള്ള ഭരണാനുമതിയാണ് സർക്കാർ നൽകിയത്. 2010 ൽ ആരംഭിച്ച മണിയൂർ ഐടിഐയിൽ നിലവിൽ മൂന്ന് ട്രേഡുകളിലായി 128 ട്രെയിനികൾക്കാണ് പരിശീലനം നൽകി വരുന്നത്. പുതിയ കെട്ടിടം വരുന്നതോടെ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനും കുട്ടികൾക്ക് പരിശീലനം നൽകുന്നതിനും സാധിക്കും.

തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം ശ്രീലത, മണിയൂർ പഞ്ചായത്ത് പ്രസിഡന്റ് ടി കെ അഷ്റഫ്, ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ കെ.വി റീന എന്നിവർ മുഖ്യാതിഥികളായി. വാർഡ് മെമ്പർമാരായ എ ശശിധരൻ, ജിഷ കൂടത്തിൽ, പിടിഎ പ്രസിഡന്റ് മധു പുഴയരികത്ത്, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ കെ.പി ശിവശങ്കരൻ സ്വാഗതവും മണിയൂർ ഐടിഐ പ്രിൻസിപ്പൽ സജ്ജയ് എം നന്ദിയും പറഞ്ഞു.

## അപേക്ഷ ക്ഷണിച്ചു

സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ (കിലെ) കീഴിൽ തിരുവനന്തപുരം വഞ്ചിയൂരിൽ പ്രവർത്തിക്കുന്ന കിലെ ഐ.എ.എസ് അക്കാഡമിയിൽ സിവിൽ സർവ്വീസ് പ്രിലിമിനറി/മെയിൻസ് പരീക്ഷ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു.

സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടിയ തൊഴിലാളികളുടെ മക്കൾക്കും ആശ്രിതർക്കുമാണ് പരിശീലനം. ഒരു വർഷമാണ് കാലയളവ്. ക്ലാസ്സുകൾ ജൂൺ 20ന് തുടങ്ങും. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി മെയ് 20.

സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടി ആശ്രിത ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളിൽ നിന്ന് വാങ്ങിയ ആശ്രിതത്വ സർട്ടിഫിക്കറ്റ് ഉൾപ്പെടെ വേണം അപേക്ഷിക്കാൻ. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും kle.kerala.gov.in സന്ദർശിക്കണം. ഫോൺ: 7907099629, 04712309012, 04712479966, 0471 2464240.

# കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ ശക്തം: മന്ത്രി ആന്റണി രാജു



**കൊച്ചി:** സഹകരണ പ്രസ്ഥാനങ്ങൾ ശക്തമായി മുന്നോട്ടുപോകുന്ന ഒരു സംസ്ഥാനമാണ് കേരളമെന്ന് ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു. മറൈൻഡ്രൈവിൽ നടക്കുന്ന സഹകരണ എക്സ്പോ വേദിയിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗൗരവതരമായ രീതിയിലാണ് സഹകരണ എക്സ്പോ സംഘടിപ്പിച്ചിരിക്കുന്നത്. മേള സംസ്ഥാനവ്യാപകമായി എല്ലാ മേഖലകളെയും തൊട്ടുണർത്തിയിട്ടുണ്ട്. കേരളത്തിൽ പിന്നോട്ട് പോകാനിടയുള്ള മേഖലകളെ കൂടി സഹകരണ രംഗത്തേക്ക് കൊണ്ടുവന്നു ശക്തിപ്പെടുത്തണമെന്നും കാലഘട്ടത്തിന് അനുസൃതമായി സഹകരണ മേഖല മാറേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.മെയ് രണ്ടിന് ആരംഭിക്കുന്ന സംസ്ഥാന അദാലത്തുകൾ ആയിരക്കണക്കിന് ജനങ്ങളുടെ കാത്തിരിപ്പിന് പരിഹാരം കാണും. മന്ത്രിമാർ തന്നെ മുന്നിട്ടിറങ്ങി എല്ലായിടത്തും ചലനങ്ങൾ സൃഷ്ടിക്കുന്നതാണ് രണ്ടാം പിണറായി സർക്കാരിന്റെ പ്രത്യേകത. ഏറ്റവും പാവപ്പെട്ട ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുൻഗണന നൽകുന്നുണ്ടെന്നും 64000 പേരുടെ അതിദാരിദ്ര്യം അവസാനിപ്പിക്കാൻ സർക്കാർ കർമ്മപദ്ധതി രൂപീകരിച്ചതായും മന്ത്രി പറഞ്ഞു.കയർ, കൈത്തറി, മത്സ്യ മേഖലകളിൽ ശാസ്ത്ര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തണം. നൂതനമായ സംവിധാനങ്ങളുടെ സഹായത്തോടെ പരിഷ്കരിക്കണം. മൂല്യ വർദ്ധിത ഉത്പ്പന്നങ്ങൾ മാറ്റത്തിന് വലിയ പ്രതീക്ഷ നൽകും. കലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി മത്സ്യബന്ധനത്തിന് നിരോധനം ഏർപ്പെടുത്തുന്ന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക ആനുകൂല്യം നൽകുന്ന ആദ്യ സംസ്ഥാനമാണ് കേരളം. വിദ്യാർത്ഥികളുടെ യൂണിഫോമിന് കൈത്തറിത്തുണികൾ നിർബന്ധമാക്കിയത് കൈത്തറിയെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ മികച്ച തീരുമാനമാണെന്നും മന്ത്രി പറഞ്ഞു.സംസ്ഥാന സർക്കാർ വ്യവസായ സംരക്ഷണത്തിനു വേണ്ട സഹായങ്ങൾ നൽകുന്നുണ്ട്. കാലത്തിനനുസരിച്ചുള്ള വൈവിധ്യവത്ക്കരണം വ്യവസായത്തിൽ കൊണ്ടുവരണം. പൊതുമേഖലയും സഹകരണ മേഖലയും കാലാനുസൃതമായ മാറ്റങ്ങൾക്ക് അനുസരിച്ച് മുന്നോട്ടുപോകണം. 'കയർ, കൈത്തറി, ഫിഷറീസ്, വ്യവസായ സഹകരണ സംഘങ്ങളുടെ വികസനത്തിന് ഒരു കർമ്മ പദ്ധതി' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ചർച്ചയിൽ ചിത്തരഞ്ജൻ എം.എൽ.എ, സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി, സിജി തോമസ് വൈദ്യൻ (ഇൻഡസ്ട്രീസ് കമ്മീഷണർ ആന്റ് ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ്, തമിഴ്നാട് സർക്കാർ ), അഡീഷണൽ രജിസ്ട്രാർ ആർ. ജോതിപ്രസാദ്, ഹാന്റക്സ് പ്രസിഡന്റ് കെ. മനോഹരൻ, അസിസ്റ്റന്റ് രജിസ്ട്രാർ എ.ആർ സലിം എന്നിവർ പങ്കെടുത്തു.

# ലാഭത്തിലോടി കെ.എസ്.ആർ.ടി.സി യാത്രാ ഫ്യുവൽസ്; ഒന്നര വർഷത്തിനിടെ 1,106 കോടി വിറ്റുവരവ്

**തിരുവനന്തപുരം:** ഇന്ധനവിതരണ മേഖലയിൽ ചുവടുറപ്പിച്ച് കെ.എസ്.ആർ.ടി.സി യാത്രാ ഫ്യുവൽസ്. സംസ്ഥാനത്ത് വിവിധയിടങ്ങളിലായി പ്രവർത്തിക്കുന്ന യാത്രാ ഫ്യുവൽസ് ഔട്ട്ലെറ്റുകളിലെ ഇതുവരെയുള്ള വിറ്റുവരവ് 1,106 കോടി രൂപ. കെ.എസ്.ആർ.ടി.സി വാഹനങ്ങൾക്കും പൊതു ജനങ്ങൾക്കും ഇന്ധനം നൽകിയതിലൂടെയാണ് ഇത്. ഇതിൽ 25.53 കോടി രൂപ കമ്മിഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സിയ്ക്ക് ലഭിച്ചു. പൊതുജനങ്ങൾക്ക് ഇന്ധനം നൽകിയതുവഴി മാത്രം 163 കോടി രൂപ വിറ്റുവരവുണ്ടായി. ഇതിൽ നിന്ന് 4.81 കോടി രൂപ കമ്മിഷൻ ഇനത്തിൽ ലഭിച്ചത് നേട്ടമാണ്. 2022 ഏപ്രിൽ മുതൽ ഡീസൽ വില വർദ്ധനവ് കാരണം ഉണ്ടാകുമായിരുന്ന 162 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കാൻ യാത്രാ ഫ്യൂവൽസ് ഔട്ട്ലെറ്റുകൾ വഴി ബസ്സുകൾക്ക് ഇന്ധനം ലഭ്യമാക്കിയതിലൂടെ സാധിച്ചുവെന്ന് അധികൃതർ വ്യക്തമാക്കി.മുതൽമുടക്കില്ലാതെ ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി നടപ്പാക്കുന്ന 'KSRTC Restructure 2.0' പദ്ധതിയുടെ ഭാഗമായാണ് കെ.എസ്.ആർ.ടി.സി ഇന്ധനവിതരണ മേഖലയിൽ കടന്നത്. 2021 സപ്തംബറിലാണ് ആദ്യത്തെ യാത്രാഫ്യുവൽസ് ഔട്ട്ലെറ്റ് തിരുവനന്തപുരം കിഴക്കേക്കോട്ടയിൽ പ്രവർത്തനമാരംഭിച്ചത്. നിലവിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 13 യാത്രാഫ്യുവൽസ് ഔട്ട്ലെറ്റുകളാണ് പ്രവർത്തിക്കുന്നത്. ചേർത്തല, കോഴിക്കോട്, ചടയമംഗലം, ചാലക്കുടി, മൂന്നാർ, കിളിമാനൂർ, മൂവാറ്റുപുഴ, നോർത്ത് പറവൂർ, മാവേലിക്കര, തൃശൂർ, ഗുരുവായൂർ, തിരുവനന്തപുരം വികാസ് ഭവൻ എന്നിവിടങ്ങളിലാണ് മറ്റ് ഔട്ട്ലെറ്റുകൾ.2024 മാർച്ച് 31നു മുമ്പ് 25 യാത്രാ ഫ്യൂവൽസ് റീട്ടെയിൽ ഔറ്റുകൾ കൂടി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. പൊൻകുന്നം, പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി ഡിപ്പോകളിലെ യാത്രാഫ്യുവൽസ് ഔട്ട്ലെറ്റുകളുടെ നിർമാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ഘട്ടംഘട്ടമായി സംസ്ഥാനത്തുടനീളം 75 ഔട്ട്ലെറ്റുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. ഭാവിയിൽ പെട്രോളിനും ഡീസലിനും പുറമെ ഔട്ട്ലെറ്റുകളിൽ നിന്ന് ഹരിത ഇന്ധനമായ സിഎൻജി നൽകുന്നതിനും വൈദ്യുത വാഹനങ്ങൾക്കുള്ള ചാർജ്ജിങ് സംവിധാനവും ഏർപ്പെടുത്താനാണ് കെ.എസ്.ആർ.ടി.സി ഉദ്ദേശിക്കുന്നത്. ഓരോ മാസവും ഇന്ധന വിൽപനയിൽ ക്രമാനുഗതമായ വളർച്ചയുണ്ടാകുന്നതിനാൽ കൂടുതൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കുകയാണ് കെ.എസ്.ആർ.ടി.സി. യാത്രാ ഫ്യൂവൽസ് പദ്ധതിയ്ക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് ബന്ധപ്പെട്ട എണ്ണ കമ്പനികളാണെന്നും അധികൃതർ അറിയിച്ചു.

## നവകേരളം വൃത്തിയുള്ള കേരളം: കുടുംബശ്രീ ഗ്രീൻ അംബാസിഡർമാർക്ക് പരിശീലനം

**കൊച്ചി:** നവകേരളം വൃത്തിയുള്ള കേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ജില്ലയിലെ കുടുംബശ്രീ ഗ്രീൻ അംബാസിഡർമാർക്ക് പരിശീലനം സംഘടിപ്പിച്ചു. കളമശേരി മുൻസിപ്പൽ ടൗൺഹാളിൽ നടന്ന പരിപാടിയിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ ഗ്രുപ്പ് ചർച്ചകളും അവതരണവും നടന്നു. ബ്ലോക്ക് അടിസ്ഥാനത്തിൽ ഗ്രൂപ്പുകളായി തിരിഞ്ഞ് ഗൃഹ/ സ്ഥാപന സന്ദർശനങ്ങൾ, സന്ദർശ വേളയിൽ നടക്കേണ്ട പ്രവർത്തനങ്ങൾ, തുടർ പ്രവർത്തനങ്ങൾ, പ്രാദേശിക ക്യാമ്പയിനുകൾ എന്നി വിഷയങ്ങളിൽ ചർച്ചയും അവതരണവും നടന്നു.നവകേരളം വൃത്തിയുള്ള കേരളം വലിച്ചെറിയൽ മുക്ത കേരളം ക്യാമ്പയിനിലൂടെ നാല് ഘട്ടങ്ങളിലായി 2025 ആകുമ്പോൾ കേരളത്തെ മാലിന്യ രഹിത സംസ്ഥാനമാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നത്.

ജൂൺ അഞ്ചു വരെയുള്ള ഘട്ടത്തിൽ വിപുലമായ ക്യാമ്പയിൻ പ്രവർത്തനത്തിലൂടെ ജില്ലയിലെ മുഴുവൻ വീടുകളിലും സ്ഥാപനത്തിലും മാലിന്യം ഉറവിടത്തിൽ തരം തിരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന രീതിയിൽ മാലിന്യ പരിപാലനം നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുമാണ് പ്രാധാന്യം നൽകുന്നത്.പരിശീലന പരിപാടിയിൽ കിലയുടെ ഭാഗമായി ടി. ഡി. സജീവ് ലാൽ, ടി.എസ് സൈഫുദ്ധീൻ, എം. കെ രാജേന്ദ്രൻ എന്നിവർ ക്ലാസുകൾ നയിച്ചു, ശുചിത്വമിഷൻ ജില്ലാ കോ ഓഡിനേറ്റർ കെ.കെ മനോജ്, നവ കേരള മിഷൻ 2 ജില്ലാ കോ ഓഡിനേറ്റർ എസ്. രഞ്ജനി,ജനകീയാസൂത്രണം ജില്ലാ ഫെ സിലിറ്റേറ്റർ ജുബൈരിയ ഐസക്, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## അതിഥി അധ്യാപക ഒഴിവ്

**കൊച്ചി:**എറണാകുളം മഹാരാജാസ് കോളേജിലെ ജിയോളജി വിഭാഗത്തിൽ അതിഥി അധ്യാപക ഒഴിവുണ്ട്. യോഗ്യത ജിയോളജി വിഷയത്തിൽ ബിരുദാനന്തര ബിരുദം, പി.എച്ച്ഡി/നെറ്റ് ഉള്ളവർക്ക് മുൻഗണന. പ്രവൃത്തി പരിചയം അഭിലഷണീയം. നിശ്ചിത യോഗ്യതയുള്ളതും എറണാകുളം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപമേധാവിയുടെ കാര്യാലയത്തിലെ ഗസ്റ്റ് ലക്ചറർ പാനലിൽ രജിസ്റ്റർ ചെയ്തവരും ആയ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി മെയ് അഞ്ചിന് രാവിലെ 10.30 ന് പ്രിൻസിപ്പാൾ ഓഫീസിൽ നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക് ০০০. ാമവമൃമഷമെ.മര.ശി സന്ദർശിക്കുക.

## ശങ്കരജയന്തി പ്രഭാഷണം നടത്തി

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ശങ്കരജയന്തി പ്രഭാഷണം സംഘടിപ്പിച്ചു. ഓൺലൈനായി സംഘടിപ്പിച്ച ചടങ്ങിൽ അമേരിക്കയിലെ സാൻ ഡീഗോ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ റിലീജിയസ് സ്റ്റഡീസ് പ്രൊഫസർ ഡോ. സ്തനേശ്വർ തിമൽസീന ശങ്കരജയന്തി പ്രഭാഷണം നിർവ്വഹിച്ചു. 'ബോധശാസ്ത്രത്തിലെ ആധുനിക സമസ്യകൾ ശങ്കരാചാര്യരുടെ ദർശനത്തിന്റെ വെളിച്ചത്തിൽ' എന്നതായിരുന്നു വിഷയം. പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി അധ്യക്ഷയായിരുന്നു. പഠന കേന്ദ്രം ഡയറക്ടർ പ്രൊഫ. ശ്രീകല എം. നായർ, പ്രൊഫ. ജനക്ദവെ, പ്രൊഫ. അവിനാഷ് ഗുപ്ത, പ്രൊഫ. എസ്. ഷീബ എന്നിവർ പ്രസംഗിച്ചു.

## കേരള സവാരി : ഡ്രൈവർമാർക്ക് പരിശീലന പരിപാടി

**കൊച്ചി:** സർക്കാർ മേഖലയിലെ ഓൺലൈൻ ഓട്ടോ /ടാക്സി പ്ലാറ്റ്ഫോമായ കേരള സവാരിയുടെ അംഗങ്ങളായ ഡ്രൈവർമാർക്കുള്ള പരിശീലന പരിപാടി ജില്ലാ കളക്ടർ എൻ.എസ്.കെ.ഉമേഷ് ഉദ്ഘാടനം ചെയ്തു. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ജി.അനിൽ കുമാർ (പാലക്കാട് ഐ. റ്റി. ഐ.) ക്ലാസ്സ് നയിച്ചു. ജില്ലാ ലേബർ ഓഫീസർ പി. കെ. നവാസ്, നാറ്റ്പാക് സയന്റിസ്റ്റ് അനീഷ് കിണി, ആലുവ അസി. ലേബർ ഓഫീസർ കെ. എസ്. രാജേഷ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ രഞ്ജിത് പി. മനോഹരർ, ബോർഡ് ഡയറക്ടർ എം.ഇബ്രാഹിംകുട്ടി, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ ആർ. സുലേഖ, കേരള സവാരി നോഡൽ ഓഫീസർ വി. രാജീവ് കുമാർ എന്നിവർ പങ്കെടു

# ഔദ്യോഗിക ജീവിതത്തിൽ നിന്ന് പടിയിറങ്ങി നാലുപേർ



**കൊച്ചി:** ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച് നാലു പേരാണ് ശനിയാഴ്ച കളക്ടറേറ്റിൽ നിന്ന് പടിയിറങ്ങിയത്. ഡെപ്യൂട്ടി കളക്ടർമാരായ പി.ബി. സുനി ലാൽ, ജെസി ജോൺ, ജൂനിയർ സൂപ്രണ്ട് രാമകൃഷ്ണപിള്ള, ജില്ലാ മജിസ്ട്രേറ്റിന്റെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കെ. ആർ. രാജമ്മ സേവനം പൂർത്തിയാക്കി മടങ്ങിയത്. വർഷങ്ങളുടെ സർക്കാർ സേവനം പൂർത്തിയാക്കി വിശ്രമ ജീവിതത്തിലേക്ക് കടക്കുന്ന ജീവനക്കാരെ സഹപ്രവർത്തകർ ഏറെ സന്തോഷത്തോടെ യാത്രയാക്കി. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യാത്രയയപ്പ് ചടങ്ങിൽ ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് മുഖ്യാതിഥിയായി. ഔദ്യോഗിക ജീവിതത്തിൽ വിരമിക്കുന്ന സഹപ്രവർത്തകർക്ക് അദ്ദേഹം ആശംസകൾ നേർന്നു. എല്ലാവർക്കും അദ്ദേഹം മൊമന്റോയും നൽകി.

# ക്ലീൻ തൃക്കാക്കര പദ്ധതി



**കൊച്ചി:** ക്ലീൻ തൃക്കാക്കര പദ്ധതിയുടെ ഭാഗമായി എല്ലാ വാർഡുകളിലെയും മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കർമ്മപദ്ധതിയുമായി തൃക്കാക്കര നഗരസഭ. പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ക്ലീൻ അപ്പ് ഡ്രൈവ് ഉമ തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്തു. ഐ എം ജി ജംഗ്ഷൻ ഗാന്ധി പ്രതിമയ്ക്ക് സമീപം നടന്ന പരിപാടിയിൽ ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ മുഖ്യാതിഥിയായി.മെയ് ഒന്നിന് നഗരസഭയിലെ 43 വാർഡുകളിലും 8. 30 മുതൽ 10 വരെ പൊതു ശുചീകരണ യജ്ഞം പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കും. ജിയോടാഗ് ചെയ്ത 57 വേസ്റ്റ് ഡമ്പിങ് ഹോട്സ്പോട്ടുകൾ സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ വൃത്തിയാക്കും.കുടുംബശ്രീ, അങ്കണവാടി പ്രവർത്തകർ, സാമൂഹിക രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകർ, യുവജന സംഘടനകൾ ഒത്തുചേർന്ന് റസിഡൻസ് അസോസിയേഷനുകളുടെ സഹകരണത്തോടെ പ്രദേശങ്ങൾ വൃത്തിയാക്കും. മാലിന്യവിമുക്തമായ പൊതുസ്ഥലങ്ങളിൽ പൂച്ചെടികൾ വെച്ചു പിടിപ്പിക്കുകയും ചെയ്യും.തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ അജിത തങ്കപ്പൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് ചെയർമാൻ എ എ ഇബ്രാഹിംകുട്ടി, സ്ഥിരം സമിതി അധ്യക്ഷന്മാരായ ഉണ്ണി കാക്കനാട്, നൗഷാദ് പല്ലച്ചി, സ്മിത സണ്ണി,കൗൺസിലർമാരായ വി ഡി സുരേഷ്, രാധാമണി പിള്ള, സിസി വിജു, പി എം യുനിസ്, എം ജെ ഡിക്സൺ, കാദർ കുഞ്ഞ്, ഷിമി മുരളി, ഷാന അബ്ദു, അജുന ഹാഷിം, പ്രതിപക്ഷ നേതാവ് എം കെ ചന്ദ്രബാബു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഹരിദാസ്, ഹെൽത്ത് ഇൻസ്പെക്ടർ കെ. സിജു. സി ഡി എസ് ചെയർപേഴ്സൺമാരായ ഷക്കീല, ജാൻസി ജോർജ് തുടങ്ങിയവർ പങ്കെടുത്തു.

# കൊച്ചി നഗരത്തിലെ മാലിന്യ സംസ്കരണം: സഹകരണ സ്ഥാപനങ്ങളുടെ യോഗം വിളിച്ച് മന്ത്രി




**കൊച്ചി:** കൊച്ചി നഗരത്തിലെ മാലിന്യ സംസ്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് മന്ത്രി വി. എൻ. വാസവൻ നഗരത്തിലെ വിവിധ സഹകരണ ബാങ്കുകളുടെ യോഗം വിളിച്ചു ചേർത്തു. കൊച്ചി നഗരത്തിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ യോഗമാണ് വിളിച്ചു ചേർത്തത്. ഹീൽ കൊച്ചി ക്യാംപയിന്റെ ഭാഗമായി ക്ലീൻ ഗ്രീൻ സിറ്റി സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് സഹകരണ ബാങ്കുകളുടെ പങ്കാളിത്തം മന്ത്രി ആവശ്യപ്പെട്ടു. എല്ലാ സഹകരണ ബാങ്കുകളോടും ഈ പ്രവർത്തനത്തിൽ പങ്കാളിയാകാൻ അദ്ദേഹം നിർദ്ദേശിച്ചു. കൊച്ചി നഗരം ഒരു മാലിന്യ സംസ്കരണ പ്രതിസന്ധിയെ നേരിട്ട ഘട്ടത്തിൽ കൊച്ചി നഗരസഭാ സെക്രട്ടറിയായിരുന്ന മിനി ആന്റണി സഹകരണ വകുപ്പ് സെക്രട്ടറി എന്ന നിലയിൽ യോഗത്തിൽ പങ്കെടുത്തിരുന്നു. എല്ലാ വീടുകളിലും ബക്കറ്റ് നൽകിയതും, തരം തിരിച്ചുള്ള മാലിന്യ സംസ്ക്കരണം ആരംഭിച്ചതും റസിഡൻറ്സ് അസോസിയേഷനുകളുടെ പങ്കാളിത്തം വർദ്ധിപ്പിച്ചതും എല്ലാം അക്കാലത്തായിരുന്നു. എല്ലാ സഹകരണ സംഘം ഭാരവാഹികളും ക്രിയാത്മകമായിട്ടാണ് മന്ത്രിയുടെ നിർദ്ദേശത്തോട് പ്രതികരിച്ചത്. അവരുടെ പ്രവർത്തന മേഖലയിലെ സാധാരണക്കാർക്ക് ബയോബിന്നുകൾ നൽകാനുള്ള താൽപര്യം സഹകരണ സ്ഥാപനങ്ങൾ അറിയിച്ചു. ചില സഹകരണ സ്ഥാപനങ്ങളാണ് ബയോബിന്നുകൾ നിർമ്മിക്കുന്നത്. ശ്രീ.വി.കെ പ്രശാന്ത് എം.എൽ.എ നേതൃത്വം കൊടുക്കുന്ന വട്ടിയൂർക്കാവ് സഹകരണ സംഘം ഇത്തരത്തിലുള്ള ഒരു സംഘമാണ്. നഗരസഭയുമായി എം.ഒ.യു. ഒപ്പുവച്ചിട്ടുള്ള 'ഈ നാട് സഹകരണ സംഘവും' ഇതിൽ ഉൾപ്പെടും.ബയോബിന്നുകളുടെ വിതരണം, തുമ്പൂർമുഴി മോഡലിലുള്ള ഹീൽ ബോക്സുകളുടെ നിർമ്മാണം, ബോധവൽക്കരണ പ്രവർത്തനം എന്നിവയ്ക്കായി സഹകരണ സംഘങ്ങളുടെ പൊതുനന്മ ഫണ്ടിൽ നിന്നും പണം ചെലവഴിക്കാമെന്ന് സഹകരണ സംഘങ്ങൾ അറിയിച്ചു. വികേന്ദ്രീകൃത മാലിന്യ സംസ്കരണവും, ഒപ്പം കേന്ദ്രീകൃതമായി നമ്മൾ പണിയുവാൻ പോകുന്ന ജൈവമാലിന്യ സംസ്കരണ പ്ലാൻറും മറ്റു സംവിധാനങ്ങളും നമ്മുടെ നഗരത്തിലെ മാലിന്യ പ്രതിസന്ധി പരിഹരിക്കാൻ സഹായകരമാകുമെന്ന ഉറച്ച പ്രതീക്ഷയിലാണ് യോഗം അവസാനിച്ചത്. യോഗത്തിൽ മുൻ മേയർ കെ.ജെ സോഹനും പങ്കെടുത്തിരുന്നു.

# ആസ്റ്റർ മെഡ്സിറ്റി സിഎംഇ, ഗ്യാസ്ട്രോഇന്റസ്റ്റൈനൽ എമർജൻസി വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു

Aster
We'll Treat You Well
ASTER DM HEALTHCARE

**കൊച്ചി:** ആസ്റ്റർ മെഡ്സിറ്റിയിലെ ഗ്യാസ്ട്രോ സയൻസസ് ആൻഡ് എമർജൻസി മെഡിസിൻ ഡിപ്പാർട്മെന്റ്,പോയിന്റ് ഓഫ് കെയർ അൾട്രാസോണോഗ്രാഫി , ഗ്യാസ്ട്രോ ഇന്റസ്റ്റൈനൽ അത്യാഹിതങ്ങളെക്കുറിച്ചുള്ള തുടർ മെഡിക്കൽ വിദ്യാഭ്യാസമായ സിഎംഇയും വർക്ക്ഷോപ്പും സംഘടിപ്പിക്കുന്നു. ശിൽപശാലയിൽ പങ്കെടുക്കുന്ന ജനറൽ ഫിസിഷ്യൻമാർ, എമർജൻസി ഫിസിഷ്യൻമാർ, ഗ്യാസ്ട്രോഎൻട്രോളജിസ്റ്റുകൾ, സർജൻമാർ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ എന്നിവർക്ക് എമർജൻസി മെഡിസിൻ മേഖലയിലെ വൈദഗ്ധ്യവും അറിവും വർധിപ്പിക്കാനാണ് പരിപാടി രൂപകൽപ്പന ചെയ്തിരിക്കുന്നത്. യുഎസ്ജി, എക്കോ സ്ക്രീനിംഗ്, റഷ് പ്രോട്ടോക്കോൾ, ബെഡ്സൈഡ് ഫാസ്റ്റ് സ്ക്രീനിംഗ് എന്നിവയുടെ അടിസ്ഥാനകാര്യങ്ങൾ തുടങ്ങിയവയും അൾട്രാസൗണ്ട് വർക്ക്ഷോപ്പിൽ ചർച്ച ചെയ്യുന്ന വിഷയങ്ങളിൽ ഉൾപ്പെടുന്നു.കുട്ടികളിലെ ഫോറിൻ ബോഡി ഇഞ്ചസ്ഷൻ, ദഹനനാളത്തിലെ രക്തസ്രാവം, കരൾ രോഗം, ഉദരാഘാതം തുടങ്ങിയ വിവിധ അത്യാഹിതങ്ങളെ കുറിച്ച്, അത്തരം രോഗവസ്ഥകൾ അടിസ്ഥാനമാക്കിയുള്ള ചർച്ചകളും അരങ്ങേറും.ആസ്റ്റർ മെഡ്സിറ്റിയിലെ മെഡിക്കൽ ഗ്യാസ്ട്രോഎൻട്രോളജി കൺസൾട്ടന്റ് ഡോ. ജെഫി ജോർജ്ജ്, ആസ്റ്റർ എമർജൻസി മെഡിസിൻ എച്ച്ഒഡി ആൻഡ് കൺസൾട്ടന്റ് ഡോ. ജോൺസൺ കെ വർഗീസ് എന്നിവരാണ് കോഴ്സിന് നേതൃത്വം നൽകുന്നത്.

ആസ്റ്റർ മെഡ്സിറ്റിയുടെ ഗ്യാസ്ട്രോ സയൻസസ് ആൻഡ് എമർജൻസി മെഡിസിൻ വിഭാഗം, മെഡിക്കൽ പ്രൊഫഷണലുകളെ അവരുടെ മേഖലയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങളെ തിരിച്ചറിയാനും, അതിനു അനുസൃതമായി നവീകരിക്കാനും സഹായിക്കുന്നതിനായി ഇതുപോലുള്ള കൂടുതൽ പരിപാടികൾ സംഘടിപ്പിക്കാൻ പ്രതിജ്ഞാബദ്ധരാണെന്ന്,കൊച്ചി ആസ്റ്റർ മെഡ്സിറ്റി മെഡിക്കൽ സർവീസസ് ചീഫ് ഡോ.അനുപ് ആർ വാര്യർ പറഞ്ഞു.ഹാൻഡ്സ് ഓൺ വർക്ക്ഷോപ്പിൽ പങ്കെടുക്കുന്നവർക്ക് പോയിന്റ് ഓഫ് കെയർ അൾട്രാ സോണോഗ്രഫിയിൽ അവരുടെ പ്രായോഗിക കഴിവുകൾ വർദ്ധിപ്പിക്കാനും, ദൈനംദിന പരിശീലനത്തിൽ നേടിയ അറിവ് പ്രയോഗിക്കാനുമുള്ള അവസരവും നൽകും. മെഡിക്കൽ പ്രൊഫഷണലുകൾക്ക് നെറ്റ്‌വർക്ക് ചെയ്യാനും, ആശയങ്ങൾ കൈമാറാനും പരസ്പരം പഠിക്കാനുമുള്ള മികച്ച വേദി കൂടിയാകും ശിൽപശാല.

# കൊച്ചി മാരത്തോൺ ഇന്ന്; എക്സ്പോ ആരംഭിച്ചു



**കൊച്ചി:** ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ തിങ്കളാഴ്ച പുലർച്ചെ 4 മണിക്ക്  മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നിന്നും ഫ്ളാഗ് ഓഫ് ചെയ്യും. 42.195 കി.മീ മാരത്തൺ, 21.097 കി.മീ ഹാഫ് മാരത്തൺ, 10 കി.മീ, 3 കി.മീ ഗ്രീൻ റൺ എന്നീ വിഭാഗങ്ങളിലാണ് മാരത്തൺ നടക്കുക. ഹാഫ് മാരത്തൺ രാവിലെ 5 മണിക്കും, 10 കി മീ മാരത്തൺ 6 മണിക്കും, 3 കിമീ ഗ്രീൻ റൺ 7 മണിക്കും ആരംഭിക്കും. നാല് വിഭാഗങ്ങളിലുമായി 18 സംസ്ഥാനങ്ങളിൽ നിന്ന് 5000ലേറെ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മാരത്തൺ സുഗമമായി നടത്തുന്നതിന് ആവശ്യമായ എല്ലാ ഒരുക്കങ്ങളും നടത്തിയിട്ടുണ്ടെന്ന് സംഘാടകരായ ക്ലിയോസ്പോർട്സ് ഭാരവാഹികൾ അറിയിച്ചു.42.195 കിലോമീറ്റർ മാരത്തൺ-മഹാരാജാസ് കോളജ് ഗ്രൗണ്ട് എംജി റോഡ് തേവര ജംഗ്ഷൻ ഓൾഡ് തേവര റോഡ് ചർച്ച് ലാൻഡിംഗ് റോഡ് ഫോർഷോർ റോഡ് മറൈൻ ഡ്രൈവ് റോഡ് ഗോശ്രീ ജംഗ്ഷൻ ഐ ലവ് യു കൊച്ചി, ചാത്യാത് ജംഗ്ഷൻഗോശ്രീ പാലം വല്ലാർപാടം ജംഗ്ഷൻ വല്ലാർപാടം കണ്ടയിനർ റോഡ് ചേരാനല്ലൂർ ജംഗ്ഷൻ വല്ലാർപാടം കണ്ടയിനർ റോഡ്  വല്ലാർപാടം ജംഗ്ഷൻ ഗോശ്രീ ജംഗ്ഷൻ മറൈൻ ഡ്രൈവ് റോഡ് ഹോസ്പിറ്റൽ റോഡ് എംജി റോഡ് സമാപനം മഹാരാജാസ് കോളേജ് ഗ്രൗണ്ട്.21.097 കിലോമീറ്റർ ഹാഫ് മാരത്തൺ-മഹാരാജാസ് കോളേജ് ഗ്രൗണ്ട് എംജി റോഡ് ഹോസ്പിറ്റൽ റോഡ് ഫോർഷോർ റോഡ് ദർബാർ ഹാൾ ജംഗ്ഷൻമറൈൻ ഡ്രൈവ് റോഡ് ഗോശ്രീ ജംഗ്ഷൻ ഐ ലവ് യു കൊച്ചി, ചാത്യാത് ജംഗ്ഷൻഗോശ്രീ പാലം വല്ലാർപാടം ജംഗ്ഷൻ വല്ലാർപാടം കണ്ടയിനർ റോഡ് വല്ലാർപാടം ജംഗ്ഷൻ ഗോശ്രീ ജംഗ്ഷൻ മറൈൻ ഡ്രൈവ് റോഡ് പാർക് അവന്യു റോഡ് ഹോസ്പിറ്റൽ റോഡ് എംജി റോഡ് സമാപനം മഹാരാജാസ് കോളേജ് ഗ്രൗണ്ട്.10 കിലോ മീറ്റർ മാരത്തൺ-മഹാരാജാസ് കോളജ് ഗ്രൗണ്ട് എംജി റോഡ് ഹോസ്പിറ്റൽ റോഡ് ഫോർഷോർ റോഡ് ദർബാർ ഹാൾ ജംഗ്ഷൻ മറൈൻ ഡ്രൈവ് റോഡ് ഗോശ്രീ ജംഗ്ഷൻ ഐ ലവ് യു കൊച്ചി, ചാത്യാത് ജംഗ്ഷൻ ഗോശ്രീ ജംഗ്ഷൻ മറൈൻ ഡ്രൈവ് റോഡ് പാർക് അവന്യു റോഡ് ഹോസ്പിറ്റൽ റോഡ് എംജി റോഡ് സമാപനം മഹാരാജാസ് കോളേജ് ഗ്രൗണ്ട്.മൂന്ന് മിലോ മീറ്റർ ഗ്രീൻ റൺ-മഹാരാജാസ് കോളേജ്  ഗ്രൗണ്ട് എംജി റോഡ് ഹോസ്പിറ്റൽ റോഡ് പാർക്ക് അവന്യു റോഡ് ഫോർഷോർ റോഡ് ഹോസ്പിറ്റൽ റോഡ് എംജി റോഡ് സമാപനം മഹാരാജാസ് കോളേജ് ഗ്രൗണ്ട്. കൊച്ചി മാരത്തണിന്റെ ഭാഗമായുള്ള എക്സ്പോ ആരംഭിച്ചു. മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ ഹൈബി ഈഡൻ എംപി എക്സ്പോ ഉദ്ഘാടനം ചെയ്തു.ചടങ്ങിൽ കെഎംആർഎൽ എംഡി ലോകനാഥ് ബെഹറയ്ക്കുള്ള ബിബ് ഹൈബി ഈഡൻ എംപി കൈമാറി. ആഗോള ഭൂപടത്തിൽ കൊച്ചിയെ എത്തിക്കാൻ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിന് കഴിയട്ടെയെന്ന് ലോകനാഥ് ബെഹറ ആശംസിച്ചു. കോസ്റ്റ് ഗാർഡ് ഡിഐജി എൻ. രവി, ഫെഡറൽ ബാങ്ക് ഡെപ്യൂട്ടി വൈസ് പ്രസിഡന്റും എറണാകുളം റീജിയണൽ ഹെഡുമായ മോഹനദാസ് ടി.എസ്, ക്ലിയോസ്പോർട്സ് ഡയറക്ടർമാരായ ശബരി നായർ, അനീഷ് കെ. പോൾ, ബൈജു പോൾ, എം.ആർ.കെ. ജയറാം, ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ പ്രൊജക്ട് ഹെഡ് വിപിൻ നമ്പ്യാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ചേർത്തല ഇൻഫോപാർക്കിലേക്ക് കൂടുതൽ കമ്പനികളെത്തുന്നു

**കൊച്ചി:** ഇൻഫോപാർക്കിന്റെ വളർച്ചയ്ക്ക് ചുവട് പിടിച്ച് ഇൻഫോപാർക്ക് ചേർത്തലയും. കൊച്ചി ഇൻഫോപാർക്കിലേതിന് സമാനമായ സൗകര്യങ്ങൾ കൂടുതൽ കമ്പനികളെ ചേർത്തല ഇൻഫോപാർക്കിലേക്ക് ആകർഷിക്കുകയാണ്. നിലവിൽ ചൈതന്യ ബിൽഡിങ്ങിലെ 2.4 ലക്ഷം സ്ക്വയർഫീറ്റ് ബിൽറ്റ് അപ് സ്പെയ്സിൽ 21 കമ്പനികനികളിലായി 350 ജീവനക്കാരാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഇവിടെയുള്ള വാംഷെൽ, പ്ലഗ് ആന്ഡ് പ്ലേ ഓഫീസ് സൗകര്യങ്ങള്ക്കായി നിരവധി കമ്പനികള് അധികൃതരെ സമീപിക്കുന്നുണ്ട്. കൂടാതെ, 45 ഏക്കർ സ്ഥലം ഐ.ടി സമുച്ചയങ്ങളുടെ  നിർമാണത്തിനായി നിലവിൽ ഇവിടെ ലഭ്യമാണ്. ചേർത്തലകൊച്ചി ഐ.ടി കോറിഡോറിന്റെ ഭാഗമായ ചേർത്തല ഇൻഫോപാർക്കിൽ റൂറൽ ഐ.ടി പാർക്കിന്റെ സാധ്യതകളും സൗകര്യങ്ങളുമാണ് പ്രധാനമായും കമ്പനികളെ ആകർഷിക്കുന്നത്. നഗരത്തിന്റെ തിരക്കുകളിൽ നിന്ന് മാറി ഗ്രാമ അന്തരീക്ഷത്തിൽ അന്താരാഷ്ട്ര സൗകര്യങ്ങൾ ലഭ്യമാകുന്നത് ഇവിടേക്ക് കൂടുതൽ കമ്പനികളെ ആകർഷിക്കുന്നു. ഇതോടൊപ്പം ആലപ്പുഴയിൽ നിന്നും വൈറ്റിലയിൽ നിന്നും ചേർത്തലയിലേക്ക് സ്ഥിരമായി യാത്രാ സൗകര്യവും ഇൻഫോപാർക്ക് ഒരുക്കിയിട്ടുണ്ട്.മാർച്ച് മാസം രണ്ടു കമ്പനികളാണ് ചേർത്തല ഇൻഫോപാർക്കിലെ ചൈതന്യ ബിൽഡിങ്ങിൽ പുതുതായി പ്രവർത്തനം ആരംഭിച്ചത്. ഇതോടൊപ്പം ചേർത്തല ഇൻഫോപാർക്കിൽ പ്രവർത്തിക്കുന്ന മൂന്ന് കമ്പനികൾ അവരുടെ ഓഫീസ് സൗകര്യങ്ങൾ വിപുലീകരിക്കുകയും പുതുതായി ജീവനക്കാരെ നിയമിക്കുകയും ചെയ്തു. 12 വർഷത്തിലേറെയായി വാഷിങ്ടൺ ഡി.സി ആസ്ഥാനമാക്കി ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മേഖലയിൽ പ്രവർത്തിക്കുന്ന മെർപ്പ് സിസ്റ്റംസ്, യു.എസ് അക്കൗണ്ടിങ്ങ്, യു.എസ് ടാക്സ് റിട്ടേർൺ ആൻഡ് പേറോൾ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ടെക്ക്സിൻ കൺസൾട്ടൻസി, ബ്ലോക്ക് ചെയിൻ ടെക്നോളജീസ്, ക്രിപ്റ്റോ കറൻസി ട്രേഡിങ്ങ് ടൂൾ മേക്കിങ്ങ് സർവീസ് തുടങ്ങിയവയധിഷ്ഠിതമാക്കി പ്രവർത്തിക്കുന്ന ഡോട്ട് ഇൻ ടെക്നോളജീസ് എന്നീ കമ്പനികളാണ് ഇൻഫോപാർക്കിൽ കൂടുതൽ സ്ഥലം ഏറ്റെടുത്ത് വികസനപ്രവർത്തനങ്ങൾ വിപുലീകരിച്ചത്. കൂടാതെ, ഐ.ടി സർവീസ്, പ്രൊഡക്ട് ഡെവലപ്പ്മെന്റ് തുടങ്ങിയ സേവനങ്ങളുമായി പ്രവർത്തിക്കുന്ന യവുൻ ടെക്നോളജീസ്, വെബ് ആപ്ലിക്കേഷൻ ഡെവലപ്പ്മെന്റ്, ഇ കൊമേഴ്സ് ഡെവലപ്പ്മെന്റ്, ഡിജിറ്റൽ മാർക്കറ്റിങ്ങ് തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ടെക് അവഞ്ചർ ഇൻഫോസൊല്യൂഷൻസ് എന്നീ കമ്പനികളാണ് ചേർത്തല ഇൻഫോപാർക്കിൽ പുതുതായി ഓഫീസ് ആരംഭിച്ചത്. ജനുവരിയിൽ ഇൻഫോപാർക്ക് ചേർത്തല ക്യാമ്പസ്സിൽ നടന്ന തൊഴിൽ മേളയിൽ ഏതാണ്ട് 150 ഉദ്യോഗാർത്ഥികൾക്ക് ഇൻഫോപാർക്കിലെ വിവിധ കമ്പനികളിലായി തൊഴിൽ ലഭിച്ചു.

# പ്രവർത്തനം വിപുലീകരിച്ച് നിസാൻ; പുതിയ ടച്ച് പോയിന്റുകൾ തുറന്നു




**കൊച്ചി:**  നിസാൻ മോട്ടോർ ഇന്ത്യ നെറ്റ് വർക്ക് വിപുലീകരിക്കുന്നതിന്റെ ഭാഗമായി രാജ്യത്തുടനീളം പുതിയ കസ്റ്റമർ ടച്ച് പോയിന്റുകൾ തുറന്നു. ഉപഭോക്താക്കൾക്ക് മികച്ച സേവന അനുഭവം നൽകാനുള്ള നിസാന്റെ പ്രതിജ്ഞാബദ്ധതയുടെ ഭാഗമാണ് ഈ നീക്കം. പ്രധാന നഗരങ്ങളിൽ 14 ഷോറൂമുകളും 5 സർവീസ് വർക്ക് ഷോപ്പുകളും ഉൾപ്പെടുന്ന 19 ടച്ച് പോയിന്റുകളാണ് തുറന്നത്. പ്രധാനമായും ജയ്പൂർ, കർണാൽ, ഈറോഡ്, ചെന്നൈ, ഹോസ്പേട്ട്, റെവാരി, ഭിവാനി, ഖമ്മം എന്നിവിടങ്ങളിലാണ് പുതിയ ടച്ച് പോയിന്റുകളും ഷോറൂമുകളും തുറന്നത്. നിലവിൽ ഹരിയാനയിൽ മാത്രം 14 കസ്റ്റമർ ടച്ച് പോയിന്റുകളും തെലങ്കാനയിൽ 9 ടച്ച് പോയിന്റുകളുമാണുള്ളത്. 'ഉപഭോക്തൃ അനുഭവം നിസാന്റെ മൂല്യങ്ങൾക്ക് വിലപ്പെട്ടതാണെന്നും അതിനായി തങ്ങൾ വിതരണ ശൃംഖല വിപുലീകരിക്കുകയാണെന്നും നിസ്സാൻ മോട്ടോഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് (എൻഎംഐപിഎൽ) മാനേജിംഗ് ഡയറക്ടർ  രാകേഷ് ശ്രീവാസ്തവ പറഞ്ഞു.

# സാന്നിദ്ധ്യം ശക്തമാക്കാൻ ഗോദ്റെജ് സെക്യൂരിറ്റി സൊല്യൂഷൻസ്

**കൊച്ചി:** ഗോദ്റെജ് ഗ്രൂപ്പിന്റെ പ്രമുഖ കമ്പനിയായ ഗോദ്റെജ് സെക്യൂരിറ്റി സൊല്യൂഷൻസ് ഇന്ത്യയിലുടനീളമുള്ള സാന്നിദ്ധ്യം കൂടുതൽ ശക്തമാക്കുന്നു. ഇതിന്റെ ഭാഗമായി 2023 സാമ്പത്തിക വർഷം 1000 പുതിയ  കൗണ്ടറുകൾ കൂട്ടിച്ചേർത്തു. ഹോം ലോക്ക് വിഭാഗത്തിൽ വിപണി പങ്കാളിത്തം 70 ശതമാനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിലവിലെ ഉൽപ്പന്നങ്ങളോടൊപ്പം ഐഒടി സാധ്യമായ ലോക്കുകളുടെ വിപുലമായ ശേഖരവും ലഭ്യമാക്കുന്നുണ്ട്. രാജ്യത്തുടനീളമായി 7000 കൗണ്ടറുകളാണ് കമ്പനിക്കുള്ളത്. അടുത്ത ഒരു വർഷത്തിനുള്ളിൽ 20 ശതമാനം വളർച്ചയാണ് ലക്ഷ്യമിടുന്നത്. ഇന്ത്യയിലെ ഹോം സേഫുകളുടെയും ലോക്കുകളുടെയും വിപണി ഏതാണ്ട് 300 കോടിയോളം വരും. 15 ശതമാനം വാർഷിക വളർച്ചയും കണക്കാക്കുന്നു. ഈ ഡിമാൻഡ് കണക്കിലെടുത്താണ് ബിസിനസ് വിപുലമാക്കുന്നതിനായി വിതരണക്കാർ, 360 ഡീലർമാർ, റീട്ടെയിലുകാർ, എംടിഒ ഔട്ട്ലെറ്റുകൾ, സിഓസിഓ(ഇചരഇഛ) സ്റ്റോറുകൾ, വിവിധ ഓൺലൈൻ പ്ലാറ്റ് ഫോമുകൾ തുടങ്ങിയ ശൃംഖല ശക്തമാക്കുന്നത്.വീടുകൾക്ക് സെക്യൂരിറ്റി പരിഹാരങ്ങൾ നൽകി അവരുടെ വസ്തുക്കളും പ്രിയപ്പെട്ടവരുടെയും സുരക്ഷ ഉറപ്പുവരുത്തുകയും സമ്മർദ്ദങ്ങളൊന്നും ഇല്ലാതെ ജീവിതം മുന്നോട്ടു കൊണ്ടുപോകാനും വഴിയൊരുക്കുകയാണ് ഗോദ്റെജ് ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി 8500 കൗണ്ടറുകളിലേക്ക് വ്യാപിപ്പിക്കുകയാണ്. ഈ വിഭാഗത്തിലെ തങ്ങളുടെ നേതൃത്വം തുടരുമെന്ന് വിശ്വസിക്കുന്നുവെന്നും ഗോദ്റെജ് സെക്യൂരിറ്റി സൊല്യൂഷൻസ് ബിസിനസ് മേധാവി പുഷ്കർ ഗോഖലെ പറഞ്ഞു.

# സംസ്കൃത സർവ്വകലാശാല: ശങ്കര ജയന്തി ആഘോഷം മെയ് 19ന്

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ശങ്കരജയന്തി ആഘോഷങ്ങൾ മെയ് 19ന് രാവിലെ 10ന് കാലടി മുഖ്യ ക്യാമ്പസിലുള്ള യൂട്ടിലിറ്റി സെന്ററിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു.  ന്യൂഡൽഹിയിലെ ഭാരത് രത്ന ഡോ. ബി. ആർ. അംബേദ്കർ സർവ്വകലാശാലയിലെ സ്കൂൾ ഓഫ് കൾച്ചർ ആൻഡ്! ക്രിയേറ്റീവ് എക്സ്പ്രഷൻസ് വിഭാഗം ഡീൻ പ്രൊഫ. ശിവജി പണിക്കർ ശ്രീ ശങ്കര വാർഷിക പ്രഭാഷണം നിർവ്വഹിക്കും. സർവ്വകലാശാലയിലെ വിവിധ എൻഡോവ്മെന്റുകൾ വിതരണം ചെയ്യും. സർവ്വകലാശാലയിലെ വിവിധ കലാവിഭാഗം വിദ്യാർത്ഥികളുടെ അരങ്ങേറ്റവും നടക്കും.

# സ്വന്തം വിവരം പുറത്താകാതെ ലഹരിവിരുദ്ധ പോരാട്ടത്തിൽ പങ്കാളിയാകാം ; നിർമ്മിത ബുദ്ധിപരിഹാരവുമായി കെഎസ് യുഎം ഹാക്കത്തൺ

**കൊച്ചി:** ലഹരിവിരുദ്ധ പോരാട്ടത്തിൽ നിർമ്മിത ബുദ്ധിയും മെഷീൻ ലേണിംഗും ഉൾപ്പെടുത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനുള്ള ദേശീയ ഹാക്കത്തണിൽ മുന്നോട്ടു വന്നത് വിപ്ലവകരമായ നിർദ്ദേശങ്ങൾ. ഹാക്കത്തണിൽ ഒന്നാം സ്ഥാനം ലഭിച്ച അമൽജ്യോതി കോളേജിലെ അൺസെർട്ടണിറ്റി ടീമിന്റെ പരിഹാര നിർദ്ദേശങ്ങൾ കാസർകോഡ് ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചു.കാസർകോട്ടെ കേന്ദ്ര സർവകലാശാല(സിയുകെ), കേരള സ്റ്റാർട്ടപ്പ് മിഷൻ, ജില്ലാപഞ്ചായത്ത്, എക്സൈസ് വകുപ്പ് എന്നിവ സംയുക്തമായാണ് ദേശീയ ലഹരിവിരുദ്ധ ഹാക്കത്തൺ സംഘടിപ്പിച്ചത്. വിവിധ വിദ്യാലയങ്ങളിൽ നിന്ന് വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവരിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള പരിഹാരനിർദ്ദേശങ്ങളാണ് ഹാക്കത്തണിൽ ടീമുകൾക്ക് മുന്നിൽ വച്ചത്. കേന്ദ്രസർവകലാശാലയിലെ പബ്ലിക് അഡ്മിനിസ്ട്രേഷൻ വകുപ്പാണ് വിവരശേഖരണം നടത്തിയത്.ലഹരി വിരുദ്ധ പ്രവർത്തനങ്ങളിലെ ഏറ്റവും വലിയ വെല്ലുവിളിയാണ് ഇരയുടെ സ്വകാര്യതയും അതു പോലെ ഇതിനെ തടയുന്ന പ്രവർത്തനങ്ങളിൽ ഇടപെടുന്നവരുടെ വിവരം ചോരുന്നതും. ഈ വെല്ലുവിളികൾ ഫലപ്രദമായി നേരിടുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങളാണ് നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ്, ബ്ലോക്ക് ചെയിൻ തുടങ്ങിയ സാങ്കേതികവിദ്യയുടെ സഹായത്തോടെ നിർവാണ എന്ന പേരിലുള്ള സോഫ്റ്റ് വെയറിലൂടെ വിദ്യാർത്ഥികൾ തയ്യാറാക്കിയത്.ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെയും ലഹരിവിമുക്ത ചികിത്സയിലുള്ളവരുടെയും വിവരങ്ങൾ എൻക്രിപ്റ്റഡ് രീതിയിലാണ് സോഫ്റ്റ് വെയറിൽ ശേഖരിക്കുക. ഇതിൻറെ പൂർണമായ സ്വകാര്യത ഉറപ്പാക്കും.ഈ വിവരം കൈകാര്യം ചെയ്യുന്നവർക്ക് പോലും വ്യക്തിവിവരങ്ങൾ ലഭിക്കാത്ത രീതിയുള്ള സുരക്ഷയാണ് മെഷീൻ ലേണിംഗും ബ്ലോക്ക് ചെയിനും വഴി തയ്യാറാക്കുന്നത്.പുറത്ത് നിന്ന് ഒരു തരത്തിലും ഹാക്ക് ചെയ്യാൻ പറ്റാത്ത വിധത്തിലാണ് ഇതിൻറെ രൂപകൽപ്പന. സാമൂഹ്യമാധ്യമങ്ങൾ വഴി ലഹരി പ്രചരിപ്പിക്കുന്നതും വെറുപ്പ് പ്രചരിപ്പിക്കുന്നതുമൊക്കെ കണ്ടെത്താനുള്ള നിർമ്മിതബുദ്ധി സംവിധാനങ്ങൾ ഇതിലുണ്ട്. സ്വന്തം വിവരം വെളിവാക്കാതെ ആർക്കു വേണമെങ്കിലും ലഹരി പ്രവർത്തനങ്ങളെക്കുറിച്ച് എക്സൈസ്, പോലീസ്, തുടങ്ങിയ ഏജൻസികൾക്ക് വിവരം നൽകാം.ഇത്തരം വിവരം നൽകുന്നവർക്ക് പാരിതോഷികം നൽകാനുള്ള സംവിധാനവും ഒരുക്കിയിരിക്കുന്നു. പൊതു സ്ഥലങ്ങളിൽ ക്യൂ ആർ കോഡ് സംവിധാനം ഉപയോഗിച്ച് ഈ സാങ്കേതികവിദ്യ ഉപയോഗിക്കാനുള്ള ബോധവത്കരണം നടത്തും. സാമൂഹ്യമാധ്യമങ്ങളിലൂടെ നിരന്തരമായി ലഹരിവിമോചന പ്രവർത്തനങ്ങൾ നടത്തുന്നവരെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ഇതിലൂടെ സാധിക്കും.ലഹരി വിമുക്ത കേന്ദ്രങ്ങൾ, കൗൺസിലർമാർ, പരിശീലനം, ബോധവത്കരണം തുടങ്ങിയ എല്ലാക്കാര്യങ്ങളും സമഗ്രമായി ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.അമൽജ്യോതി കോളേജിലെ നെബിൻ മാത്യു ജോൺ, സാം സ്റ്റീഫൻ തോമസ്, വിവേക് മനോജ് കുമാർ, സമീൽ ഹസൻ എന്നിവരാണ് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ച സംഘത്തിലുള്ളത്.ഹാക്കത്തണിൽ ലഭിച്ച മികച്ച അഞ്ചു ടീമുകളുടെ നിർദേശങ്ങൾ ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചു. അതി നൂതന സാങ്കേതികത ഉപയോഗിച്ചു ലഹരി ഉപയോഗം തടയുന്നതിന് അഞ്ചു ടീമുകളും മുന്നോട്ട് വെച്ച ആശയങ്ങളെ കോർത്തിണക്കി മികച്ച സാങ്കേതിക പരിഹാരം ഉണ്ടാക്കിയെടുക്കുന്നതിന് ജില്ലാപഞ്ചായത്ത് സാമ്പത്തിക സഹായവും കേരള സ്റ്റാർട്ടപ് മിഷൻ ,സിയുകെ എന്നിവ സാങ്കേതിക സഹായവും നൽകും.ലഹരി വിതരണവും ഉപയോഗവും നടക്കുന്നത് മെഷീൻ ലേർണിംഗ് സംവിധാനം ഉപയാഗിച്ചു തിരിച്ചറിയുകയും റിപ്പോർട്ട് ചെയ്യാൻ സഹായിക്കുകയും ചെയ്യുന്ന സാങ്കേതികത വികസിപ്പിച്ച ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ തിങ്ക് സോബെർ, ആളുകളുടെ വ്യക്തി വിവരങ്ങൾ മറച്ചു വെച്ച് റിപ്പോർട്ട് ചെയ്യുന്നതിനോടൊപ്പം റിപ്പോർട്ട് ചെയ്യുന്ന കേസുകളുടെ ആധികാരികത സാങ്കേതികത ഉപയോഗിച്ച് വിലയിരുത്തുന്ന പരിഹാരവുമായി കേരള ഡിജിറ്റൽ സർവകലാശാലയിലെ ആക്സസ് ഡിനൈഡ്, (മുക്തി),ഏതൊരു സാധാരണക്കാരും വളരെ എളുപ്പത്തിൽ കേസുകൾ റിപ്പോർട്ട് ചെയ്യാനും അധികാരികൾക്ക് അതിവേഗത്തിൽ നടപടി എടുക്കാനും സഹായിക്കുകയും അതെ സമയം ലഹരിക്കെതിരെ ഫലപ്രദമായ പ്രചാരണവും നടത്താൻ സഹായിക്കുന്ന ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് എൻജിനീയറിംഗ് കോളേജിലെ ട്രിനോമിയൽസ് ,ബ്ലോക്ക് ചെയിൻ സാങ്കേതികത ഉപയോഗിച്ച് വ്യക്തി വിവരങ്ങൾ ശേഖരിക്കാതെ റിപ്പോർട്ട് ചെയ്യാനും റിപ്പോർട്ട് ചെയ്യുന്ന ആളുകൾക്ക് പാരിതോഷികങ്ങൾ നൽകാനും സഹായിക്കുന്ന തൃശൂർ ഗവ. എൻജിനീയറിംഗ് കോളേജിലെ ബഗ്സ് ബൗൺടി എന്നിവയുമാണ് ആദ്യ അഞ്ച് സ്ഥാനങ്ങളിലെത്തിയ മറ്റ് ടീമുകൾ. കേന്ദ്രസർവകലാശാല വൈസ് ചാൻസിലർ പ്രൊഫ. എച് വെങ്കിടേശ്വരലു വിജയികളെ പ്രഖ്യാപിച്ചു. കാസർകോഡ് ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡൻറ് ഷാനവാസ് പാദൂർ, സിയുകെ ഡയറക്ടർ പ്രൊഫ. അളഗു മാണിക്കവേലു, പ്രൊഫ. വി ബി സമീർ കുമാർ, പ്രൊഫ. ജോസഫ് കോയിപ്പള്ളി, കെഎസ് യുഎം ടെക്നിക്കൽ ഓഫീസർ വരുൺ ജി തുടങ്ങിയവർ പങ്കെടുത്തു



# 3000 നഗരങ്ങളിൽ 5ജി പ്ലസ് സേവനങ്ങൾ ലഭ്യമാക്കി എയർടെൽ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ടെലികോം സേവന ദാതാക്കളായ ഭാരതി എയർടെൽ 3000 നഗരങ്ങളിൽ കൂടി അൾട്രാ ഫാസ്റ്റ് 5ജി സേവനങ്ങൾ അവതരിപ്പിച്ചു. ജമ്മുവിലെ കത്ര മുതൽ കേരളത്തിലെ കണ്ണൂർ വരെയും , ബിഹാറിലെ പട്ന മുതൽ തമിഴ്നാട്ടിലെ കന്യാകുമാരി വരെയും, അരുണാചൽ പ്രദേശിലെ ഇറ്റാനഗർ കേന്ദ്രഭരണ പ്രദേശമായ ദാമൻ ആൻഡ് ദിയു വരെയും, രാജ്യത്തിന്റെ എല്ലാ പ്രധാന നഗരഗ്രാമീണ ഭാഗങ്ങളിലും എയർടെൽ 5ജി പ്ലസ് പരിധിയില്ലാതെ സേവനങ്ങൾ ഇപ്പോൾ ലഭ്യമാണെന്ന് ഭാരതി എയർടെൽ ചീഫ് ടെക്നോളജി ഓഫീസർ രൺദീപ് സെഖോൺ പറഞ്ഞു. രാജ്യത്തിന്റെ ഭൂരിഭാഗ പ്രദേശങ്ങളും 5ജിയുടെ പവർ ഉപയോഗിച്ച് കവർ ചെയ്യുന്നതിൽ തങ്ങൾ ആവേശഭരിതരാണ്. 2023 സെപതംബറോടെ ഇന്ത്യയിലെ എല്ലാ നഗരങ്ങളെയും പ്രധാന ഗ്രാമീണ മേഖലകളെയും ബന്ധിപ്പിക്കുക എന്ന ലക്ഷ്യം തുടരുന്നു. ഇന്ത്യയിലെ നഗരങ്ങളിലും ഗ്രാമങ്ങളിലും ഉപഭോക്താക്കൾക്കിടയിൽ 5ജി അതിവേഗം സ്വീകരിക്കപ്പെടുന്നത് തങ്ങൾ സാക്ഷ്യം വഹിക്കുന്നു. എയർടെൽ 5ജി പ്ലസ് അടുത്ത തലമുറ ഡിജിറ്റൽ കണക്റ്റിവിറ്റിക്ക് കരുത്തേകുന്ന പ്രൊപ്പല്ലറായി പ്രവർത്തിക്കും, പുതിയ ബിസിനസ്സ് മോഡലുകൾ സൃഷ്ടിക്കുകയും വിദ്യാഭ്യാസം, ആരോഗ്യം, നിർമ്മാണം തുടങ്ങിയ വ്യവസായങ്ങളിൽ വിപ്ലവം സൃഷ്ടിക്കുകയും ചെയ്യുമെന്ന് രൺദീപ സെഖോൺ പറഞ്ഞു.ഉപഭോക്താക്കളുടെ ജീവിതവും ബിസിനസ് രീതികളും മാറ്റിമറിക്കാനുള്ള 5ജിയുടെ ശേഷി തെളിയിക്കുന്ന വിവിധ ഉപയോഗങ്ങൾ കഴിഞ്ഞ വർഷം എയർടെൽ പ്രദർശിപ്പിച്ചിരുന്നു. ഹൈദരാബാദിൽ ഇന്ത്യയിലെ ആദ്യത്തെ തത്സമയ 5ജി നെറ്റ്വർക്ക് ഒരുക്കിയതു മുതൽ ബംഗളുരുവിലെ ബോഷ് പ്ലാന്റിൽ രാജ്യത്തെ ആദ്യ സ്വകാര്യ 5ജി നെറ്റ്വർക്ക് അവതരിപ്പിച്ചതും ഇന്ത്യയിലെ ആദ്യ 5ജി എനേബിൾഡ് വാഹന മാനുഫാക്ചറിങ് യൂനിറ്റ് ചക്കനിൽ ഒരുക്കുന്നതിന് മഹീന്ദ്ര ആന്റ് മഹീന്ദ്രയുമായി കൈകോർത്തതും അടക്കം നൂതന 5ജി ഉപയോഗങ്ങളെ യാഥാർത്ഥ്യമാക്കുന്നതിൽ എയർടെൽ മുൻപന്തിയിലുണ്ടെന്നും രൺദീപ് സെഖോൺ പറഞ്ഞു.രാജ്യത്തെ എല്ലാ റീട്ടെയിൽ സ്റ്റോറുകളിലും എയർടെൽ 5ജി അനുഭവവേദ്യമാകാൻ സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട്. എയർടെൽ 5ഏ പ്ലസിനെക്കുറിച്ച് കൂടുതലറിയാൻ വേേു:// ം.മശൃലേഹ.ശി/5ഴിലംേീൃസ എന്നതിലേക്ക് ലോഗിൻ ചെയ്യുക.

